കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം: കെ.എസ്.എ/ടി.വി.എം/ജി.പി.10/1064/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
e-Mail : dotvm.ksad@kerala.gov.in
Phone : 0471 2331231.

തീയതി: 10-11-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

നം: കെ.എസ്.എ/ടി.വി.എം/ജി.പി.10/1064/2020. തീയതി: 10.11.2020.

**തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.03.2019 മുതൽ 31.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ശ്രീജ .കെ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-09-2020 മുതൽ 29-09-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി വാലന്റീന.എം, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്വപ്ന.ആർ.കെ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ. എം.എൽ, സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അരുൺ.സി.എസ്, സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ |
| | ശ്രീ. ശ്യാംകുമാർ. എസ്.ബി, ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അസീനാബീവി | 01/04/2018 മുതൽ |

| | | |
|---|---|---|
| | | 31/03/2019 വരെ |
| സെക്രട്ടറി | ശ്രീ. പി.കെ. സുരേഷ് | 01/04/2018 മുതൽ<br>31/03/2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഡോ.യമുന | 01/04/2018 മുതൽ<br>31/03/2019 വരെ |
| വെറ്റിനറി സർജൻ | ഡോ.സ്പിനോള | 01/04/2018 മുതൽ<br>07/02/2019 വരെ |
| | ഡോ. രാജേഷ് | 08/02/2019 മുതൽ<br>31/03/19 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.ബീന. എം | 01/04/2018 മുതൽ<br>31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അസറുദ്ദീൻ | 01/04/2018 മുതൽ<br>13/10/2018വരെ |
| | ഡോ.മേരിക്കുട്ടി തോമസ് | 13/10/2018 മുതൽ<br>12/11/2018 വരെ |
| | ഡോ. നിജ്ജ | 12/11/2018 മുതൽ<br>31/03/2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി മരിയ. എം.ബേബി | 01/04/2018 മുതൽ<br>31/03/2019 വരെ |
| എച്ച്.എം | ശ്രീമതി വിജയകുമാരി.വൈ | 01/04/2018 മുതൽ<br>31/03/2019വരെ |
| വി.ഇ.ഒ – 1 | ശ്രീ.പ്രദീപ്.ജെ | 01/04/2018 മുതൽ<br>31/03/2019 വരെ |
| വി.ഇ.ഒ – 2 | ശ്രീ.പ്രദീപ്.ജെ (ചാർജ്) | 1-04-2018 മുതൽ 27-09-2018 |
| | ശ്രീ.അനിൽകുമാർ.ഡി | 28/09/2018 മുതൽ<br>31/03/2019 വരെ വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സജി. വി.എൻ. | 01/04/2018 മുതൽ<br>31/03/2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി ദീപ്തി | 01/04/2018 മുതൽ<br>31/03/2019 വരെ |
| | | |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രജനി. എസ് | 01/04/2018 മുതൽ 31/03/2019 വരെ |
| | | |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-12 |
| 13 | തൊഴിൽ നികുതി-അപാകങ്ങൾ | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-15 |
| 16 | വസ്തുനികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല. | 1-16 |
| 17 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു. | 1-17 |
| 18 | വസ്തു നികുതി- മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ | 1-18 |
| 19 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-19 |
| 20 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-20 |
| 21 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-21 |
| 22 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു | 1-22 |

| | | |
|---|---|---|
| 23 | ലേലം - ഫയലുകൾ ഹാജരാക്കിയില്ല | 1-23 |
| 24 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-24 |
| 25 | വെള്ളക്കരം, വൈദ്യുതിക്കരം അടവാക്കൽ - മുഴുവൻ ചെലവ് രേഖകളും ഹാജരാക്കിയില്ല | 1-25 |
| 26 | ഓണറേറിയം, യാത്രബത്ത തുടങ്ങിയ ചെലവ് തുകകൾ ക്യാഷ് ആയി കൈമാറുന്നു | 1-26 |
| 27 | തനത് ഫണ്ട് ചെലവ് പരിശോധന – അപാകതകൾ – 2895250/- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | IKMനു തുക നൽകൽ - കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-28 |
| 29 | യുപിഎസ് വാങ്ങൽ – GeM (Government e Market Place) ൽ നിന്നും ഫിൽറ്ററിംഗ് നടത്താതെ നേരിട്ട് വാങ്ങി | 1-29 |
| 30 | നിക്ഷേപ പ്രവൃത്തി – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-30 |
| 31 | തെരുവ് വിളക്ക് വാങ്ങൽ - ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങൽ നടത്തി | 1-31 |
| 32 | വാർഷിക പരിപാലന ഉടമ്പടി (AMC)- ടെൻഡർ നടപടികൾ സ്വീകരിച്ചില്ല | 1-32 |
| 33 | പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ - ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫർണിച്ചർ വാങ്ങി | 1-33 |
| 34 | ഐ എസ് ഓ സർട്ടിഫിക്കേഷൻ - കുറഞ്ഞ ടെൻഡർ തുക അവഗണിച്ചു - മുഴുവൻ സാധനങ്ങളും ലഭിച്ചില്ല | 1-34 |
| 35 | അധിക ഇനം ടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി | 1-35 |
| 36 | പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ പേമെന്റ് അനുവദിച്ചു | 1-36 |
| 37 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം പിഴ ഈടാക്കിയില്ല | 1-37 |
| 38 | ഡി പി സി അംഗീകാരം നേടുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല | 1-38 |
| 39 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 1-39 |
| 40 | കാലിത്തീറ്റ സബ്സിഡി -തീറ്റയ്ക്ക് വില അധികരിച്ച് നല്കി. | 1-40 |
| 41 | ഗുണഭോക്തൃതിരഞ്ഞെടുപ്പിലെ അപാകത | 1-41 |
| 42 | ലൈഫ് ഭവനപദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. | 1-42 |
| 43 | പി.എം.എ.വൈ പദ്ധതി – ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-43 |
| 44 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്റ്റുകൾ-ചെലവ് 31% മാത്രം | 1-44 |
| | | |

| | | |
|---|---|---|
| 45 | പഞ്ചായത്ത് കായിക ടീമിനെ തെരഞ്ഞെടുക്കൽ -രേഖകൾ ഹാജരാക്കിയില്ല | 1-45 |
| 46 | കോമ്പോസിഷൻ സ്കീമിൽ ഉള്ള സ്ഥാപനത്തിന് ചരക്ക് സേവന നികുതി നൽകി | 1-46 |
| 47 | എസ് എസ് എ വിഹിതം നൽകൽ - പഞ്ചായത്ത് വിദ്യാഭ്യാസ സമിതി പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തുന്നില്ല. | 1-47 |
| 48 | കരാട്ടേ പരിശീലനത്തിനുള്ള യൂണിഫോം വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-48 |
| 49 | എൽ.പി.എസ് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കൽ - പദ്ധതിയിലെ അപാകങ്ങൾ | 1-49 |
| 50 | സാന്ത്വനം പാലിയേറ്റീവ് കെയർ - അപാകങ്ങൾ | 1-50 |
| | ഭാഗം 2 | |
| | വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 51 | പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ പേമെന്റ് അനുവദിച്ചു | 3-1 |
| 52 | കാലിത്തീറ്റ സബ്സിഡി -തീറ്റയ്ക്ക് വില അധികരിച്ച് നല്കി. | 3-2 |
| 53 | എൽ.പി.എസ് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കൽ - പദ്ധതിയിലെ അപാകങ്ങൾ | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 54 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 55 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 56 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 58 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 59 | സ്ഥിര നിക്ഷേപം | 4-6 |
| 60 | ഓഡിറ്റ് റിക്കവറി | 4-7 |
| 61 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 62 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 7-3-2018 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 7-2-2019 ലെ 1ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത ബജറ്റ് പുതുക്കിയിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-19 | 17-05-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,00,641.30 |
| വരവ് | 11,02,52,429.00 |
| ആകെ | 11,52,53,070.30 |
| ചെലവ് | 10,65,84,575.00 |
| നീക്കിയിരിപ്പ് | 86,68,495.30 |

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,83,10,355 | 1,83,10,355.00 | 18310355 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 92,76,950 | 92,76,950.00 | 9276950 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് റ്റി.സി.പി | 0 | 2,75,000 | 2,75,000.00 | 275000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 1,01,99,000 | 1,01,99,000.0 | 10199000 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 32,10,424 | 32,10,424.00 | 3210424 | 0 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 89,81,000 | 89,81,000.00 | 8981000 | 0 |
| സാക്ഷരത | 30945.55 | 1,097 | 32042.55 | 0 | 32,042.55 |
| എൻ.ആർ.ഇ.ജി.എസ് | 54403.00 | 5,22,634 | 5,77,037.00 | 548555 | 28,482.00 |
| ബി ഫണ്ട് | 0 | 5,66,760 | 5,66,760.00 | 566760 | 0 |
| SBI തനത് ഫണ്ട്(കറന്റ്) | 1816457.00 | 3,76,40,096 | 4,22,69,868.75 | 36323189 | 22,94,145.00 |
| SBI തനത് ഫണ്ട് | 2759177.92 | | | | 34,04,135.92 |
| SBI തനത് ഫണ്ട്ഇ - പേയ്മെന്റ് | 25979.00 | | | | 2,20,240.00 |
| DCB-തനത് ഫണ്ട് | 28158.83 | | | | 28,158.83 |
| ട്രഷറി തനത് ഫണ്ട് | 212677.00 | 93,54,659 | 95,67,336.00 | 7532686 | 20,34,650.00 |
| VPFA I-II | 224.00 | - | 224.00 | - | 224.00 |
| സംയുക്ത പ്രോജക്ട് | 0 | 90,98,538 | 90,98,538.00 | 8512112 | 5,86,426.00 |
| ക്യാഷ് | 72619.00 | 39,991 | 1,12,610.00 | 72619 | 39,991.00 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 212779758 | 172 | 90341511 | 0 | 39 | 81.5 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 54,403 | 5,22,634 | 5,77,037 | 5,48,555 | 28,482 |
| ഗുണഭോക്താക്കൾക്ക് | 0 | 4,98,07,000 | 4,98,07,000 | 4,98,07,000 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 54,403 | 5,03,29,634 | 5,03,84,037 | 5,03,55,555 | 28,482 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,66,760 | 315 |
| കർഷകതൊഴിലാളി പെൻഷൻ | 59,04,800 | 465 |
| വിധവാ പെൻഷൻ | 1,45,46,400 | 1204 |
| വാർദ്ധക്യകാലപെൻഷൻ | 2,71,93,700 | 2164 |
| വികലാംഗ പെൻഷൻ | 34,34,100 | 285 |
| വിവാഹധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 3,08,000 | 24 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-09-2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9714/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം കുറ്റമറ്റ ആഭ്യന്തര നിയന്ത്രണസംവിധാനം ആണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്.

ട്രേഡ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നതും വസ്തു നികുതി കണക്കാക്കുന്നതിന് മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കാത്തതും സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി

ഈടാക്കുന്നതും നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കാത്തതും നികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകാത്തതും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതും സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തതും അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണ്.

പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതും അനധികൃതകെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഒഴിവാക്കിയതും ഗുരുതര വീഴ്ച ആയി കാണുന്നു. അനധികൃത നിർമ്മാണം തടയുന്നതിന് ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

മതിയായ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം ശരിയായി നിർണയിക്കേണ്ടതും തെരുവുവിളക്കുകകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും നടപടിക്രമങ്ങൾ പാലിച്ച് വാങ്ങൽ നടത്തുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്. റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി നിർവഹിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1/2020 | 12/2019 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/11/2018 മുതൽ 27/11/2018വരെ | 2013-14മുതൽ 2017-18 വരെ | 22-11-2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ പരിശോധിച്ച് കെ എസ് എ /റ്റി വി എം/ ജി പി10/1447/19 തീയതി 19-08-2019-ാം നമ്പരായി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

# സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

a) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

b) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ I,II,III വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷം 1996-ലെ കേരള പഞ്ചായത്ത്‌രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങൾക്കും ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|
| 1 | കബീർ | പലചരക്ക് വ്യാപാരം |
| 2 | ഹാഷിം | ഗൃഹോപകരണം |
| 3 | ഷൈലാബീവി | പലചരക്ക് വ്യാപാരം |
| 4 | നാസറുദ്ദീൻ | ബേക്കറി |
| 5 | ജലീം | ഫ്ലവർമിൽ |
| 6 | മുജീബ് | പ്രൊവിഷൻ സ്റ്റോർ |
| 7 | റഫീക്ക് | ഹാർഡ്വെയർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/25.09.2020 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-13 തൊഴിൽ നികുതി-അപാകങ്ങൾ

i) നിർദ്ദിഷ്ട മാതൃകയിലെ പത്രിക ഹാജരാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. സ്ഥാപനങ്ങൾ സമർപ്പിച്ച മേൽ പത്രിക പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. രജിസ്റ്ററിലും ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം രേഖപ്പെടുത്തിയിട്ടില്ല.

ii) തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | എ.എൻ ഹോളോബ്രിക്സ് | രണ്ടാം അർദ്ധവർഷം |
| 2 | എ.എസ് ഹോളോബ്രിക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ക്ഷീരോത്പാദന സഹകരണ സംഘം തേമ്പാമൂട് | ഒന്നാം അർദ്ധവർഷം |
| 4 | എസ്.എൻ ഇന്റർലോക്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | റോയൽബ്രിക്സ് & ടൈൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | നീനു ക്വാറി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/28.09.2020 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. വരുമാനസ്രോതസ്സുകൾ

ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി 2018-19 വർഷം ഈടാക്കിയിട്ടില്ല. കരാറുകാരുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.02/22.09.2020ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2018-19 വർഷത്തേയ്ക്ക് ഫാക്ട്യോസ് ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/22.09.2020 ന് മറുപടിയിൽ 14 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 വസ്തുനികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല.

വസ്തു നികുതി ഒടുക്കുന്നതിന് ഇളവ് അനുവദിക്കാത്ത കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ ഒന്ന്, രണ്ട് എന്നീ വാർഡുകളിലെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2011-ലെ കേരള പഞ്ചായത്ത്‌രാജ് വസ്തു നികുതി സേവന ഉപനികുതി സർച്ചാർജ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 2/351 | രാജേഷ്, കൊയിവിളാകത്ത് വീട് |
| 2 | 1/250 | രാധമ്മ, തെക്കേടത്ത് വീട് |
| 3 | 2/237 | ഷീല, കിഴക്കുംകര |
| 4 | 2/282 | വിജയകുമാർ, ചരുവിള വീട് |
| 5 | 2/351 | രാജേഷ്, കൊടിവിളാകത്ത് വീട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/22.02.2020 ന് മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-17 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2018-19 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ | വാർഡ്/ | പേര് | റദ്ദാക്കിയ സാംഖ്യ | കാലയളവ് | തുക |
|---|---|---|---|---|---|

| നം | കെട്ടിട.നം | | രസീത് നം/തീ | | |
|---|---|---|---|---|---|
| 1 | 11/641 | മുഹമ്മദ് ഇസ്മായിൽ | 119010102074/ 06.11.19 | 2019 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 138/- |
| 2 | 13/287 | ശാന്തമ്മ | 119010102074/ 06.11.19 | 2019 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 87/- |
| 3 | 14/483 | ഷാഹുൽ ഹമീദ് | 11810102044 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 802/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.12/22.02.2020 ന് ലഭിച്ച മറുപടിയിൽ ഐ.കെ.എം-ന്റെ സഹായത്തോടെ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-18 വസ്തു നികുതി- മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ

a) മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

b) സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല

ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥലം | റോഡിന്റെ തരം | മേഖല |
|---|---|---|---|---|---|
| 1 | 10/116e | ജാസ്മിൻ | മരുതുംമൂട് വേങ്കമല മാങ്കുഴി | 5 മീറ്ററോ | പ്രഥമം |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 10/116f | ഷാനവാസ് | കോട്ടവരമ്പ് റോഡ് | അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 10/139A | ശ്രീമതി | മരുതുംമൂട് വേങ്കമല മാങ്കുഴി കോട്ടവരമ്പ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 10/139B | ഷജീർ | | | തൃതീയം |
| 3 | 10/141A | ഓമന | കരിമ്പിൻകാട് വേങ്കമല റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 10/142A | മീന | | | ദ്വിതീയം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/22.09.2020 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. മേഖലാ തരംതിരിവിലെ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-19 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

a) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | IV/33 a | തുളസി,യാക്കിൻചിറ വലിയവീട് |
| 2 | IV/121C | ശുഭ ,വി.എൻ ഭവൻ |
| 3 | XIII/413A | സജേല, അറാഫത്ത് മൻസിൽ |
| 4 | XIII/497A | ശ്യാമള, സുകൃതം |
| 5 | XV/477B | ഷിനി, നന്ദുഭവൻ |

b) മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 14/335 | ബദ്സമ്മ, ജോസ് കോട്ടേജ് | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 13/218 A | ശകുന്തള ,പൊന്നമ്പിവിള പുത്തൻ വീട് | 2012 രണ്ടാം അർദ്ധവർഷം മുതൽ |
| 3 | 11/221 | രാജപ്പൻ,ഗോകുൽ നിവാസ് | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | 12/401 A | ഓമന,തോട്ടരികത്ത് വീട് | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 12/328 | മുഹമ്മദ് റഫീക്ക്, പള്ളിവിള വീട് | 2013 ഒന്നാം അർദ്ധവർഷം മുതൽ |

c) ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 1 | 15/350 A | സജിമോൻ, ഏലിയാമ്മ ജോൺ , സെലിൻ കോട്ടേജ് | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| | | | |

| | | | |
|---|---|---|---|
| | 16/350 A | | 2015 രണ്ടാം അർദ്ധ വർഷം മുതൽ |
| 2 | 12/216 | ലളിത, തേവരക്കുന്ന് പുത്തൻവീട് | 2017 രണ്ടാം അർദ്ധ വർഷം മുതൽ |
| | 12/222 | | 2016 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 12/258 | ഭാസ്കരപിള്ള, കട്ടയ്ക്കലിൽ വീട് | 2017 ഒന്നാം അർദ്ധ വർഷം മുതൽ |
| | 12/257 | | 2017 ഒന്നാം രണ്ടാം അർദ്ധ വർഷം മുതൽ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/22.09.2020 ന് മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചതും ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-20 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | പേര് /വിലാസം | ഉപയോഗ ക്രമം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| 1 | A5-1442/ 31.03.18 | 4/186a | അബ്ദുൾ റഹീം, ജമീലബീവി | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 6048/- |
| 2 | A64047/18/25.04.18 | 11/216 | അബ്ദുൾ കലാം | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 6718/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | 480/ 31.03.18 | 4/480 | അബ്ദുൾ റഷീദ് | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4728/- |
| 4 | A7/548/10.03.18 | 8/440 | ഹാഷിം | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4158/- |
| 5 | A6-1685/ 2018/ 25.06.18 | 11/631 | ആബിദാ ബീവി | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 3630/- |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണവും നികുതി ഒഴിവാക്കിയതിന്റെ വിശദാംശങ്ങളും ഡെമോളിഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി കുടിശ്ശിക തുക ഒഴിവാക്കി നൽകിയതിന്റെ അപേക്ഷയും ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി ഇളവ് നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ പിഴവാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/22.09.2020 ന് ലഭിച്ച മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടപ്പാക്കിയപ്പോൾ വസ്തുനികുതി ഒഴിവാക്കി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-21 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇളവിന് അർഹരായവർ സമർപ്പിച്ച അപേക്ഷയും രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/22.09.2020 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-22 സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ 2018-19 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 ലേലം - ഫയലുകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് തൻ വർഷം വിവിധ ഇനങ്ങളിലായി താഴെപ്പറയും വിധം ലേലം നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 150120104 | Receipt from auction of obsolete asset | 11000/- |
| 2 | 431400115 | Receivable towards the usufructs of trees | 8833/- |

ലേലം നടപ്പാക്കിയത് സംബന്ധിച്ച ലേല ഡയറിയും അനുബന്ധ രേഖകളും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് റിക്വിസിഷൻ നം.1/28.09.2020). ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് 2 മാസത്തിനുള്ളിൽ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997-ലെ കേരള പഞ്ചായത്ത്‌രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-24 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ മരാമത്ത് ഫയൽ പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് അപ്രകാരം തുക ഈടാക്കുന്നതായി കാണുന്നില്ല. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയം ഓഡിറ്റ് എൻക്വയറിലൂടെ (നം 20/25-09-2020) നിർവഹണോദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-25 വെള്ളക്കരം, വൈദ്യുതിക്കരം അടവാക്കൽ - മുഴുവൻ ചെലവ് രേഖകളും ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം: 14/2019

ഫണ്ട് : സംരക്ഷണ ഫണ്ട് - റോഡിതരം, അടങ്കൽ , ചെലവ് : 1200000

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

പഞ്ചായത്തിലെയും വിവിധ ഘടക സ്ഥാപനങ്ങളിലെയും വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയവ അടയ്ക്കുന്നതിലേക്കായാണ് പദ്ധതി തയ്യാറാക്കിയത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

- ആകെ 24 ട്രഷറി ബില്ലുകൾ പ്രകാരം 12 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരമുള്ള തുകകളുള്ള ചെലവ് രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ 261650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

  ബിൽ നമ്പർ & തിയതി : 34/08.10.2018 തുക : 4593

  ബിൽ നമ്പർ & തിയതി : 35/08.10.2018 തുക : 37625,

  ബിൽ നമ്പർ & തിയതി : 52/25.10.2018 തുക : 65475,

  ബിൽ നമ്പർ & തിയതി : 76/14.12.2018 തുക : 3500,

  ബിൽ നമ്പർ & തിയതി : 16/25.06.2018 തുക : 85871,

  ബിൽ നമ്പർ & തിയതി : 32/07.09.2018 തുക : 64586.

- ബിൽ നമ്പർ 51/25.10.2018പ്രകാരം സെപ്റ്റംബർ മാസത്തിലെ വെള്ളക്കരത്തിന്റെ തുകയായ 37625/-രൂപയും ഒക്ടോബർ മാസത്തെ വെള്ളക്കരത്തിന്റെ തുകയായ 37625/-രൂപയും പിഴയും(753രൂപ) ചേർത്ത് 76003/-രൂപ അടവാക്കി.

  ബിൽ നമ്പർ 100/26.02.2019 പ്രകാരം ജനവരി മാസത്തിലെ വെള്ളക്കരത്തിന്റെ തുകയായ 41125/- രൂപയും ഫെബ്രുവരി മാസത്തെ വെള്ളക്കരത്തിന്റെ തുകയായ 41125/-രൂപയും പിഴയും (823രൂപ) ചേർത്ത് 83073/-രൂപ അടവാക്കി. ഇപ്രകാരം 1576/-രൂപ പിഴ ഒടുക്കാൻ ഉണ്ടായ സാഹചര്യം അറിയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല.

  പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം ആവശ്യത്തിന് തനത് ഫണ്ട് ഉണ്ടായിരുന്നതിനാൽ പിഴ ഒടുക്കിയത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ പിഴ

ഒടുക്കാനായി ചെലവഴിച്ച 1576/-രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

- സർക്കുലർ നം : 65529/ഡി.സി.3/12/തസ്വഭവ തീയതി: 12.03.2013പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. മീറ്ററിങ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭിച്ചു. മീറ്ററിങ് സമ്പ്രദായം ഏർപ്പെടുത്തി ചാർജ് ഇനത്തിൽ വരുന്ന നഷ്ടം ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. കത്ത് നൽകിയെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും അനുകൂല മറുപടി ലഭിച്ചില്ല എന്ന് സെക്രട്ടറി മറുപടി നൽകി. അനുകൂല മറുപടി ലഭ്യമായില്ലെങ്കിൽ സർക്കാർ തലത്തിൽ ഇതിനു പരിഹാരം കാണേണ്ടതാണ്.

# 1-26 ഓണറേറിയം, യാത്ര ബത്ത തുടങ്ങിയ ചെലവ് തുകകൾ ക്യാഷ് ആയി കൈമാറുന്നു

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 26/28.09.2020

പ്രസിഡന്റ് ഉൾപ്പെടുന്ന പഞ്ചായത്തിലെ മെമ്പർമാരുടെ ഓണറേറിയം, യാത്രാബത്ത എന്നിവ സെക്രട്ടറി സെൽഫ് ചെക്ക് എഴുതി ക്യാഷ് ആയി വാങ്ങി മെമ്പർമാർക്ക് ക്യാഷ് ആയി വിതരണം ചെയ്ത് അക്വിറ്റൻസ് വാങ്ങി സൂക്ഷിക്കുന്നു. ഒരു പഞ്ചായത്ത് മെമ്പറിന്റെ നിലവിലെ പരമാവധി ഹോണറേറിയം 7000/-രൂപയാണ്. സർക്കാർ ഉത്തരവ് G.O(P).No.46/2016/Fin, Dated 04.04.2016 പ്രകാരം 2000/-രൂപക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ചെക്ക് മുഖേന നൽകേണ്ടതാണ്. ഓണറേറിയം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നേരിട്ട് നൽകേണ്ടതുമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

<u>ശുപാർശകൾ</u>

- ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും 2000/- രൂപക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ചെക്ക്/ഡിബിടി വഴി നടത്തേണ്ടതുമാണ്.

## 1-27 തനത് ഫണ്ട് ചെലവ് പരിശോധന – അപാകതകൾ - 2895250/- രൂപ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 26/28.09.2020

1. വൗച്ചർ നമ്പർ : 218000209ചെക്ക് നമ്പർ : 485415തീയതി : 21.06.2018 തുക : 150000/-

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട 150000/-രൂപ മെഡിക്കൽ ഓഫീസർക്ക കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. മെഡിക്കൽ ഓഫീസറിൽ നിന്നും ചെലവ് രേഖകൾ വാങ്ങി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. വൗച്ചർ നമ്പർ : 21800455, 456 ചെക്ക് നമ്പർ : 2334909 തീയതി : 14.09.2018 തുക : 300000/-, 2400000/-

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുന്നതിലേക്കായി 27,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല. കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്. ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3. വൗച്ചർ നമ്പർ : 218000043 ചെക്ക് നമ്പർ : 139657 തീയതി : 16.04.2018 തുക : 10000/-രൂപ, വൗച്ചർ നമ്പർ : 218000046ചെക്ക് നമ്പർ : 139662 തീയതി : 17.04.2018 തുക : 10000/-രൂപ

മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം ഇരുപതിനായിരം രൂപയുടെ സ്റ്റാമ്പ് വാങ്ങിയെങ്കിലും അതിന്റെ വിനിയോഗ വിവരങ്ങൾ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 01.04.2018 മുതൽ 30.04.2018 വരെയുള്ള രേഖപ്പെടുത്തലുകളിൽ അവ്യക്തത കാണുന്നു. ആയതിനാൽ 20,000/- രൂപയുടെ സ്റ്റാമ്പ് വിനിയോഗ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതുവരെ 20,000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

4. വൗച്ചർ നമ്പർ : 218000072 ചെക്ക് നമ്പർ : 139675തീയതി : 21.04.2018 പ്രകാരം 10000/-രൂപ പൾസ് പോളിയോ പ്രതിരോധവുമായി ബന്ധപ്പെട്ട 10,000/-രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ അവയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5. വൗച്ചർ നമ്പർ : 218000213 ചെക്ക് നമ്പർ : 485419തീയതി : 02.07.2018 പ്രകാരം 15250/-രൂപ പഞ്ചായത്ത് വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ചു. എന്നാൽ പെട്രോൾ പമ്പിൽ നിന്നുള്ള ബില്ലുകൾ ഹാജരാക്കിയില്ല. ബില്ലുകൾ ഹാജരാക്കേണ്ടതാണ് . ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

6. ജൂൺ 2016 മുതൽ മാർച്ച് 2018 വരെയുള്ള യാത്രാബത്ത ക്ലെയിം ചെയ്തതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ : 218000416 ചെക്ക് നമ്പർ : 762837 തീയതി : 23.08.2018 പ്രകാരം 9240/-രൂപ വൈസ് പ്രസിഡന്റിന് പണമാക്കി നൽകിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 56 (ബി.2) പ്രകാരം യാത്രാബത്ത ക്ലെയിം ചെയ്ത് രണ്ട് വർഷത്തിനുള്ളിൽ പണമാക്കി മാറ്റേണ്ടതാണ്. ജൂൺ 2016 ലെ 160/-രൂപയും ജൂലൈ 2016 ലെ 480/-രൂപയും രണ്ടു വർഷം കഴിഞ്ഞാണ് മാറിയിട്ടുള്ളത്. ആയതിനാൽ 640/-രൂപയുടെ വൈസ് പ്രസിഡന്റിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. വൗച്ചർ നമ്പർ : 218000457-461ചെക്ക് നമ്പർ :2334904 തീയതി : 14.09.2018 തുക : 180700/-

മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയത് ക്രമീകരിച്ചതായുള്ള രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. മുൻകൂർ നൽകി മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ല എങ്കിൽ പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

8. വൗച്ചർ നമ്പർ : 218000476 ചെക്ക് നമ്പർ :762862 തീയതി : 26.09.2018 തുക : 2000/- രൂപ

ഉദ്യോഗസ്ഥർക്ക് മുൻകൂർ യാത്ര ബത്ത അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയത് ക്രമീകരിച്ചതായുള്ള രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. മുൻകൂർ നൽകി മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ല എങ്കിൽ G.O(P) 419/2011/Fin, Dated 04.10.2011 പ്രകാരം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

9. വൗച്ചർ നമ്പർ : 218000478 ചെക്ക് നമ്പർ :762862തീയതി : 26.09.2018 തുക : 24200/- പ്രസിഡണ്ടിന്റെ ടൂർ ഡയറി പ്രകാരം താഴെപ്പറയുന്ന രീതിയിലാണ് യാത്രബത്ത കണക്കാക്കിയിരിക്കുന്നത്.

| മാസം | തുക |
|---|---|
| 7/16 | 1800 |
| | |

| | |
|---|---|
| 9/16 | 1600 |
| 10/16 | 2400 |
| 11/16 | 1800 |
| 12/16 | 1400 |
| 1/17 | 1700 |
| 2/17 | 800 |
| 3/17 | 1400 |
| 4/17 | 2000 |
| 5/17 | 800 |
| 6/17 | 1200 |
| 7/17 | 2000 |
| 8/17 | 1800 |
| 9/17 | 400 |
| 10/17 | 800 |
| 11/17 | 800 |

ആകെ അനുവദിക്കേണ്ടത് : 22700

അനുവദിച്ചത് : 24200

അധികമായി അനുവദിച്ചത്: 1500

കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 56 (ബി.2) പ്രകാരം യാത്രാ ബത്ത ക്ലെയിം ചെയ്ത് രണ്ടു വർഷത്തിനുള്ളിൽ പണമാക്കി മാറ്റേണ്ടതാണ്. ജൂലൈ 2016-ലെ ക്ലയിമായ 1800/-രൂപ രണ്ടു വർഷം കഴിഞ്ഞാണ് മാറിയിട്ടുള്ളത്.

ആയതിനാൽ ആകെ 3300/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ തുക പ്രസിഡന്റിൽ നിന്നും തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ വിഷയങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

# 1-28 IKMനു തുക നൽകൽ - കൈപ്പറ്റു രസീത്, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി : 6/2019

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 50000, ചെലവ് : 50000

ബിൽ നമ്പർ & തിയതി, തുക : 14/31.05.2018 – 50000/-

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

പദ്ധതിപ്രകാരം 50,000/-രൂപ സ.ഉ(സാധാ) നം.1228/2016/തസ്വഭവ, തീയതി 08.03.2016 പ്രകാരം IKM ന നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. IKM ന്റെ 06.02.2020 ലെ കത്ത് പ്രകാരം 2018-19 വർഷത്തിൽ യാതൊരു തുകയും കൈപ്പറ്റിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുകയുടെ വ്യക്തമായ വിവരങ്ങൾ, സ്ഥാപനത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 യുപിഎസ് വാങ്ങൽ – GeM (Government e Market Place) ൽ നിന്നും ഫിൽട്ടറിംഗ് നടത്താതെ നേരിട്ട് വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നം : 150/2019

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 100000, ചെലവ് : 93692

ബിൽ നമ്പർ & തിയതി : 4/18.05.2018 തുക : 93692

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

പഞ്ചായത്തിന് യുപിഎസ്, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതിലേക്കായി 93692/-രൂപ ഉപയോഗിച്ച് രാംസൺ എന്ന കമ്പനിയുടെ ഒരു യുപിഎസ്, രണ്ട് ഇൻവർട്ടർ എന്നിവ വാങ്ങി.

GeM ൽ നിന്നും വാങ്ങൽ നടത്താൻ ഉപയോഗിച്ച താരതമ്യ പത്രിക ഹാജരാക്കിയില്ല. വാങ്ങൽ നടത്തുന്നതിനായി GeM ഉപയോഗിച്ചെങ്കിലും വിവിധ സൗകര്യങ്ങൾ ഉപയോഗിച്ച് ഫിൽറ്റർ ചെയ്ത് കുറഞ്ഞ വില ഉള്ളതും ഗുണമേന്മയുള്ളതുമായ യുപിഎസ് തെരഞ്ഞെടുക്കുന്നതിന് പകരം രാംസൺ

എന്ന കമ്പനിയുടെ യുപിഎസ് നേരിട്ട് തെരഞ്ഞെടുത്തു. അതിനുശേഷം GeM വഴി പർച്ചേസ് ഓർഡർ നൽകുന്നതിന് പകരം സ്ഥാപനം നേരിട്ട് പർച്ചേസ് ഓർഡർ നൽകി.

ഇപ്രകാരം ചെയ്തത് ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങൽ നടത്തിയതിനു തുല്യമാണ്. ഇതിലും വിലകുറഞ്ഞ യുപിഎസ്, ഇൻവെർട്ടർ എന്നിവ ലഭിക്കുമായിരുന്ന സാധ്യത ഇതുമൂലം ഇല്ലാതായി.

GeMവഴി വാങ്ങുന്ന രീതിയെ പറ്റിയുള്ള അറിവില്ലായ്മ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് എന്ന് മറുപടി ലഭിച്ചു.

ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

# 1-30 നിക്ഷേപ പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷത്തിൽ പൈപ്പ്ലൈൻ നീട്ടുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിക്ക് നിക്ഷേപ പ്രവൃത്തി ഇനത്തിൽ വിവിധ തുകകൾ കൈമാറിയിട്ടുണ്ട്.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നമ്പർ & തിയതി |
|---|---|---|---|---|
| 1 | പന്തപ്ലാവികോണം വെള്ളാനിക്കര – 38/19 | 300000, CFC | 300000 | 21/14.08.2018 |
| 2 | പ്ലാവോട്ടു കരിക്കകം - 40/19 | 300000, CFC | 300000 | 23/14.08.2018 |
| 3 | മാമൂട് കണിയാംകരിക്കകം - 41/19 | 300000, CFC | 300000 | 24/14.08.2018 |
| 4 | വയ്യക്കാവ് അരുവിപ്പുരം പള്ളി റോഡ് - 42/19 | 400000, CFC | 400000 | 25/14.08.2018 |
| 5 | കുളപ്പാറ പാണയം - 43/19 | 300000, CFC | 300000 | 22/14.08.2018 |
| 6 | ചുള്ളാളം അഞ്ചാംകല്ല് പാറിക്കപ്പാറ - 44/19 | 500000, CFC | 500000 | 57/15.11.2018 |
| 7 | തലയിൽകുന്നു തുമ്പറ - 45/19 | 200000, CFC | 200000 | 64/27.11.2018 |
| | | | | |

| | | | | |
|---|---|---|---|---|
| 8 | പുലയറുകുന്ന കോളനി- 46/19 | 300000, SCP | 300000 | 38/25.10.2018 |
| 9 | ബാലൻപച്ച കൊടിവിളാകം-47/19 | 100000, SCP | 100000 | 39/25.10.2018 |
| 10 | തേമ്പാമ്മൂട് വാലുപറ-48/19 | 450000, SCP | 450000 | 40/25.10.2018 |
| 11 | ചക്കക്കാട് എസ് സി കോളനി-49/19 | 200000, SCP | 200000 | 41/25.10.2018 |
| 12 | വാലിക്കുന്ന കോളനി-50/19 | 524750, SCP | 524750 | 42/25.10.2018 |
| 13 | ഇറവി കരിക്കകം കോളനി-51/19 | 190784 SCP | 179250 | 44/25.10.2018 |
| 14 | വയ്യക്കാവ് പാലുവള്ളി-52/19 | 200000, SCP | 200000 | 43/25.10.2018 |
| 15 | ധൂളിക്കുന്ന കോളനി-53/19 | 150000, SCP | 150000 | 45/25.10.2018 |
| 16 | വേങ്കാട് കോളനി-54/19 | 300000, SCP | 300000 | 46/25.10.2018 |
| 17 | വേങ്കമല പ്ലാങ്കലക്കുഴി-55/19 | 200000, SCP | 200000 | 47/25.10.2018 |
| 18 | തേവരുകുന്ന -57/19 | 200000, SCP | 200000 | 48/25.10.2018 |
| 19 | മാങ്കുഴി മോട്ടവിള-58/19 | 300000, SCP | 300000 | 49/25.10.2018 |
| 20 | തെള്ളിക്കച്ചാൽ -59/19 | 200000, SCP | 200000 | 50/25.10.2018 |
| 21 | കലുങ്കിൻമുഖം ചേരാട്ടക്കുഴി -81/19 | 200000, CFC | 200000 | 65/27.11.2018 |
| 22 | ആനക്കുഴി കണ്ണേറ്റുമൂല-82/19 | 100000, CFC | 100000 | 66/27.11.2018 |
| 23 | വിദ്യാരുകോണം വദയാനികൊണം-83/19 | 300000, CFC | 300000 | 67/27.11.2018 |
| 24 | പെരുമല കുഴിവിള-84/19 | 100000, CFC | 100000 | 71/27.11.2018 |
| 25 | പഴയപള്ളി ഒറ്റത്തെങ്-85/19 | 200000, CFC | 200000 | 72/27.11.2018 |
| 26 | പെരുമല പണ്ടാരത്തോട്ടു-86/19 | 400000, CFC | 400000 | 73/27.11.2018 |
| 27 | പള്ളിമുക്ക് മുണ്ടൻതടിക്കാട് – 87/19 | 200000, CFC | 200000 | 74/27.11.2018 |
| 28 | ചാലിപ്പൻകോണം-97/19 | 100000, CFC | 100000 | 68/27.11.2018 |
| 29 | പാണയം പടിഞ്ഞാറേക്കോണം-98/19 | 200000, CFC | 200000 | 69/27.11.2018 |
| 30 | കാവതിയോട്ടു ഈന്തവിള-101 | 100000, CFC | 40000 | 70/27.11.2018 |
| 31 | മലവിള അംഗനവാടി - 147/19 | 28929, വികസന<br>21071, OWN | 28929<br>21071 | 2334901/05.09.2018 |

| | | | | |
|---|---|---|---|---|
| 32 | ചക്കക്കാട് ഒലിക്കര -148/19 | 100000, CFC<br>50000, OWN | 100000<br>50000 | 2334902/05.09.2018 |
| | | | 7644000 | |

2. നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 18/24.09.2020

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നമ്പർ & തിയതി |
|---|---|---|---|---|
| 1 | വേങ്കമല എസ് ടി കോളനി-60/19 | 157050, TSP | 127531 | 20/20.12.2018 |
| 2 | കുളപ്പുറം മിച്ചഭൂമി കോളനി-155/19 | 200000, SCP | 195000 | 8/30.07.2018 |
| 3 | പാലാംകോണം കുന്താണി - 156/19 | 180000, SCP | 180000 | 9/30.07.2018 |
| | | | 502531 | |

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

- പഞ്ചായത്ത് ഏജൻസിയുമായി ചേർന്ന് തയ്യാറാക്കിയ കരാർ.
- പൂർത്തീകരണ സർട്ടിഫിക്കറ്റ്.
- പെർഫോമൻസ് റിപ്പോർട്ട്.
- വിനിയോഗ സാക്ഷ്യപത്രം

ഈ വസ്തുതകൾ സെക്രട്ടറിയെ അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന മറുപടി ലഭിച്ചു

<u>ശിപാർശകൾ</u>

- കരാർ രേഖകൾ ഹാജരാക്കേണ്ടതാണ്.
- കരാറിൽ ഏർപ്പെട്ടിട്ടില്ല എങ്കിൽ ഭാവിയിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് കരാർ വെക്കേണ്ടതാണ്.
- പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 9576050/- രൂപ ( 9044000 + 532050) തടസ്സപ്പെടുത്തുന്നു.

# 1-31 തെരുവ് വിളക്ക് വാങ്ങൽ - ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങൽ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

1) പദ്ധതി : 143/2019

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്, അടങ്കൽ : 600000, ചെലവ് : 592200

ബിൽ നമ്പർ & തിയതി : 12/31.05.2018 തുക : 592200

പഞ്ചായത്തിലേക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി SILK എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും 592200/- രൂപക്ക് തെരുവുവിളക്കുകൾ വിതരണം ചെയ്യുകയും ചെയ്തു.

- ജി.ഒ.(പി) നം. 95/2017/ഫിൻ തീയതി 25-7-2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ SILKഎന്ന കമ്പനിക്ക് ടെൻഡർ നടപടികൾ ഇല്ലാതെ തെരുവുവിളക്കുകൾ വിതരണം ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകി. എന്നാൽ പ്രസ്തുത ഉത്തരവ് ഖണ്ഡിക 3.3 പ്രകാരം സർക്കാർ ഉത്തരവിൽ പറയുന്ന അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ ഒരു അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും അതിനു ശേഷമാണ് തെരെഞ്ഞെടുക്കപ്പെട്ട ഏജൻസിക്കു വർക് ഓർഡർ നൽകേണ്ടതെന്നുമാണ്. എന്നാൽ ടെൻഡർ നടപടി സ്വീകരിക്കാതെയാണ് SILK എന്ന അക്രെഡിറ്റഡ് ഏജൻസിക്ക് വർക്ക് ഓർഡർ നൽകി 2961/-രൂപ നിരക്കിൽ തെരുവുവിളക്കുകൾ വാങ്ങിയത്. ഇതിലും കുറഞ്ഞ വിലയ്ക്ക് തെരുവുവിളക്കുകൾ ലഭിക്കാനുള്ള സാധ്യത ഇതുമൂലം നഷ്ടമായി.
- 200 തെരുവുവിളക്കുകൾ ആണ് വിതരണം ചെയ്തത്. ക്ഷമതയുള്ള അധികാരികളെ കൊണ്ട് ഇവയുടെ സാമ്പിൾ പരിശോധന നടത്തിയില്ല.
- SILKഎന്ന കമ്പനിയുമായി കരാറിലേർപ്പെട്ടുവെങ്കിലും കരാറിൽ ഏകപക്ഷീയമായ നിബന്ധനകൾ ആണ് ഉണ്ടായിരുന്നത്. ആവശ്യപ്പെട്ട പ്രകാരം സ്ഥാപനം വിതരണം നടത്താതിരുന്നാൽ ഉണ്ടാകേണ്ടിയിരുന്ന നടപടികളെക്കുറിച്ച് വ്യവസ്ഥ ചെയ്തില്ല.

- തെരുവിളക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. രജിസ്റ്ററിൽ ആകെ 30 പോസ്റ്റുകളിലെ വിളക്കുകളുടെ വിവരങ്ങൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.
- തെരുവു വിളക്കുകളുടെ എണ്ണത്തിന് ആവശ്യകത നിർണ്ണയിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമായിട്ടില്ല.
- പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് കെ എസ് ഇ ബി യുടെ വിവിധ സെഷനുകളുമായി ചേർന്നുള്ള ജോയിന്റ് വെരിഫിക്കേഷൻ നടത്തി പോസ്റ്റുകളുടെ എണ്ണം കൃത്യം ആക്കിയിട്ടില്ല.
- സൂപ്പർ വിഷൻ ചാർജ് അടച്ചതായുള്ള രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെഎസ്ഇബിയുടെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല.
- ജിഎസ്ടി ചട്ടങ്ങൾ2017 ചട്ടം 138 പ്രകാരം 50000/-രൂപയ്ക്ക് മുകളിലുള്ള സാധനസാമഗ്രികൾ വിതരണം ചെയ്യുമ്പോൾ നിർബന്ധമായും ഇ-വേ ബിൽ ജെനറേറ്റ് ചെയ്യേണ്ടതും ഒരു കോപ്പി ഉപഭോക്താവിന് നൽകേണ്ടതുമാണ്. എന്നാൽ ഇ-വേ ബിൽ പരിശോധനക്ക് ഹാജരാക്കിയില്ല. നിയമപ്രകാരമുള്ള ഇ-വേ ബിൽ ആവശ്യപ്പെടേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ആ ചുമതല നിറവേറ്റി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ശ്രമം സെക്രട്ടറിയുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം ഭരണസമിതി തീരുമാനമനുസരിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും സാമ്പിൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചിരുന്നുവെന്നും ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും സൂപ്പർവിഷൻ ചാർജ് അടവാക്കിയെന്നും ഇ വേ ബിൽ സ്ഥാപനം നൽകിയിട്ടില്ലായെന്നും എൻക്വയറിക്കു മറുപടി ലഭിച്ചു.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ഭരണസമിതിക്ക് തീരുമാനം എടുക്കാൻ അധികാരമില്ല. ക്ഷമതയുള്ള അധികാരികളെ ഉപയോഗിച്ച് സാമ്പിൾ പരിശോധിക്കേണ്ടിയിരുന്നു. വാട്ടേജ്, പവർ ഫാക്ടർ, ടോട്ടൽ ഹാർമോണിക് ഡിസ്റ്റോഷൻ എന്നിവ പരിശോധിക്കാൻ കമ്മിറ്റിക്ക് സാധിക്കില്ല. സൂപ്പർ വിഷൻ ചാർജ് രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ മറുപടികൾ അംഗീകരിക്കാൻ കഴിയില്ല.

2) പദ്ധതി : 145/2019

ഫണ്ട് : വികസനഫണ്ട്, അടങ്കൽ : 236000, ചെലവ് : 236000

തനതുഫണ്ട് : 250000, 242860 ( ചെക്ക് നം. 7709403/30-5-2018)

ബിൽ നമ്പർ & തിയതി : 1/31.05.2018 തുക : 236000

രണ്ട് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത Alfa Electronics എന്ന സ്ഥാപനത്തിൽ നിന്നും 110W തെരുവ് വിളക്കുകൾ 69 എണ്ണം വാങ്ങി.

- 5940, 6940 എന്നീ രണ്ട് തുകകൾ സ്ഥാപനം കോട്ട് ചെയ്തിരുന്നുവെങ്കിലും 6940/- രൂപയുടെ വിളക്കുകളാണ് തെരഞ്ഞെടുത്തത്. ആയതിന്റെ കാരണം വ്യക്തമല്ല.
- കെഎസ്ഇബിയുടെ AS No.AS/4105/2018-19/36, Dated 19.05.2018 ഉത്തരവു പ്രകാരം 49 വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. ആയതിനാൽ 69 ലൈറ്റുകൾ സ്ഥാപിച്ചത് അനുമതിയില്ലാതെ ആണോയെന്നും അത് സ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

രണ്ടു വർഷം വാറണ്ടി ഉള്ളതുകൊണ്ടാണ് 6940/- രൂപയുടെ വിളക്കുകൾ തെരഞ്ഞെടുത്തത് എന്ന് മറുപടി ലഭിച്ചു. എന്നാൽ ടെൻഡർ രേഖകളിൽ വാറണ്ടി സംബന്ധിച്ച് സൂചന ഉണ്ടായിരുന്നില്ല.

<u>ശിപാർശകൾ</u>

- സർക്കാർ ഉത്തരവ് അനുസരിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്.
- തെരുവ് വിളക്ക് സാമ്പിളുകൾ പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
- ജോയിന്റ് വെരിഫിക്കേഷൻ നടത്തി പോസ്റ്റുകളുടെ എണ്ണം കൃത്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- 50000/-രൂപയ്ക്ക് മുകളിൽ ഉള്ള, 25 കിലോമീറ്ററിനു പുറത്തുനിന്നും (സർക്കാർ ഒഴിവാക്കിയ സാധനങ്ങൾ ഒഴികെയുള്ള) വാങ്ങലുകൾ നടത്തുമ്പോൾ നിർബന്ധമായും ഇ-വേ ബിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

# 1-32 വാർഷിക പരിപാലന ഉടമ്പടി (AMC)- ടെൻഡർ നടപടികൾ സ്വീകരിച്ചില്ല

പദ്ധതി : 18/2019

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 100000, ചെലവ് : 86553

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

ബിൽ നമ്പർ & തിയതി : 95/06.02.2019

പഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടുത്തി കെൽട്രോണുമായി AMCയിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി 86553/-രൂപ ചെലവഴിച്ചു.

- സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം: 1278/2016/തസ്വഭവ തീയതി: 18.03.2016പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അധിഷ്ഠിത ഉപകരണങ്ങളുടെ AMCക്കായി IKM നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി കെൽട്രോണിനെ ചുമതലപ്പെടുത്തി.
- സർവീസ് കോൾ റെസ്പോൺസ് ടൈം 12 മണിക്കൂർ ആണെങ്കിലും ആയത് നിരീക്ഷിക്കുന്ന ലോഗ് ബുക്കിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.
- കരാറിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സീരിയൽ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല.
- 06.02.2019 ൽ തുക കൈമാറിയെങ്കിലും 25.02.2019 മുതലാണ് കരാറിന്റെ പ്രാബല്യം

മേൽ വസ്തുതകൾ സെക്രട്ടറിയെ അറിയിച്ചതിന് കെൽട്രോൺ സ്റ്റിക്കർ പതിക്കുന്നതിനാൽ എണ്ണം മാത്രമാണ് കരാറിൽ സൂചിപ്പിക്കാറുള്ളതെന്നും തുക കൈമാറിയതിന് ശേഷമാണ് കരാർ ആരംഭിക്കുന്നതെന്നും 05.07.2012ലെ ഉത്തരവ് പ്രകാരമാണ് കെൽട്രോണുമായി കരാറിലേർപ്പെട്ടതെന്നും മറുപടി ലഭിച്ചു. സ്റ്റിക്കർ നിയമപരമായ രേഖയല്ല. തുക കൈമാറിയ നാൾ മുതൽ കരാർ പ്രാബല്യത്തിൽ കൊണ്ട് വരാൻ കഴിയുന്നതാണ്. 2012ലെ ഉത്തരവിനേക്കാൾ 2016ലെ ഉത്തരവിനാണ് പ്രാബല്യം എന്നതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കാൻ കഴിയില്ല.

<u>ശിപാർശകൾ</u>

- സർവീസ് കാൾ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
- കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ് .

തുക കൈമാറിയ നാൾമുതൽ കരാർ പ്രാബല്യത്തിൽ വരുത്തേണ്ടതാണ് .

# 1-33 പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ - ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫർണിച്ചർ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി : 144/2019

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 627112, ചെലവ് : 599445

ബിൽ നമ്പർ & തിയതി : 54/30.10.2018 തുക : 599445

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങുന്നതിലേക്കായാണ് പദ്ധതി തയ്യാറാക്കിയത് ഇതിനായി കാഡ്കോയിൽ നിന്നും ഇൻവോയ്സ് വാങ്ങുകയും 5,99,445/- രൂപയുടെ ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തു.

- സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം:2638/2017/തസ്വഭവ തീയതി: 29.07.2017 പ്രകാരം കാഡ്കോ ഉത്പാദിപ്പിക്കുന്ന ഫർണിച്ചറുകൾ ആണ് ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങാൻ കഴിയുന്നത്. ഇതിന് വിരുദ്ധമായി കാഡ്കോ നിർമ്മിക്കാത്ത ബ്രാൻഡഡ് ഫർണിച്ചറുകൾ ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങി.
- സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം: 60/2017/എസ്.പി.ഡി തീയതി : 20.10.2017 പ്രകാരം പ്രസ്തുത ഉത്തരവിൽ പറയുന്ന ഫർണിച്ചറുകൾ ഉത്തരവിൽ സൂചിപ്പിക്കുന്ന വിലയിലാണ് ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങാൻ കഴിയുന്നത്. എന്നാൽ ഇവിടെ വാങ്ങിയ എല്ലാ ഫർണിച്ചറുകളും പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ ആണ്. ഇപ്രകാരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫർണിച്ചറുകൾ വാങ്ങി.
- മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ ഫർണിച്ചറുകൾ ഓരോന്നിന്റെയും നിരക്ക് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഉത്തരവിൽ നിന്നും വാങ്ങേണ്ട ഫർണിച്ചറുകളുടെ ആകെത്തുക ഗ്രാമപഞ്ചായത്തിന് മുൻകൂട്ടി അറിയാൻ കഴിയുന്നതാണ്. ആയതിനാൽ വാങ്ങേണ്ട ഫർണിച്ചർ തെരഞ്ഞെടുത്തു അവ വിതരണം ചെയ്യാൻ ആവശ്യപ്പെടാമായിരുന്നു. എന്നാൽ പഞ്ചായത്ത്

ഫർണിച്ചറുകളുടെ പ്രൊഫോർമ ഇൻവോയ്സ് ആവശ്യപ്പെടുകയും അതനുസരിച്ച് കാഡ്കോ (വ്യത്യസ്ത വില നിലവാരത്തിലുള്ള) ഫർണിച്ചറുകളുടെ പ്രൊഫോർമ ഇൻവോയ്സ് നൽകുകയും അതനുസരിച്ച് ഫർണിച്ചർ വിതരണം ചെയ്യുകയും ചെയ്തു. ഉത്തരവിൽ നിന്നും ആവശ്യമായ ഫർണിച്ചറുകൾ ഗ്രാമപഞ്ചായത്ത് തെരെഞ്ഞെടുത്തു ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അധിക ചെലവ് ഉണ്ടാകുമായിരുന്നില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ എൻക്വയറി നം.17 മുഖേന സെക്രട്ടറിയെ അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫർണിച്ചറുകളാണ് വാങ്ങിയത് എന്ന് മറുപടി ലഭിച്ചു .

വാങ്ങിയ ഫർണിച്ചറുകൾ മേല്പറഞ്ഞ സർക്കാർ ഉത്തരവിലെ അനുബന്ധത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേല്പറഞ്ഞ മറുപടി അംഗീകരിക്കാൻ കഴിയില്ല.

ശിപാർശകൾ

- കാഡ്കോ നിർമ്മിച്ച ഫർണിച്ചറുകൾ മാത്രം ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.
- അടങ്കൽ തുക കൃത്യമായി കണക്കാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഭാവിയിൽ കാഡ്കോയിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ ഇൻവോയ്സ് ആവശ്യപ്പെടാതെ ഗ്രാമപഞ്ചായത്തിന് ആവശ്യമായ ഫർണിച്ചറുകൾ ഉത്തരവ് പ്രകാരമുള്ള വില കണക്കാക്കി മാത്രം വിതരണം ചെയ്യാൻ കാഡ്കോയ്ക്ക് നിർദേശം നൽകേണ്ടതാണ്.

# 1-34 ഐ എസ് ഓ സർട്ടിഫിക്കേഷൻ - കുറഞ്ഞ ടെൻഡർ തുക അവഗണിച്ചു - മുഴുവൻ സാധനങ്ങളും ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി : 17/2019

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 400000, ചെലവ് : 316836

ബിൽ നമ്പർ & തിയതി, തുക : 81/31.12.2018 – 30090/-, 93/06.02.2019 – 25000/-, 10/25.03.2019 – 71450/-, 110/25.03.2019 – 31311/-, 88/22.01.2019 – 72000/-, 92/13.03.2019 – 35000/-,

106/12.03.2019 – 51985/-

ഓഡിറ്റ് എൻക്വയറി നമ്പർ : 17/24.09.2020

ഐ എസ് ഓ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതിപ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, സൈൻബോർഡ്, യുപിഎസ് ബാറ്ററി എന്നിവയ്ക്കായി 316836/-രൂപ ചെലവഴിച്ചു.

- ടെക്നിക്കൽ അസിസ്റ്റന്റിന്റെ അപേക്ഷപ്രകാരം യുപിഎസ് ബാറ്ററി വാങ്ങുന്നതിന് തീരുമാനിക്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആകെ ലഭിച്ച 5 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 65990/-രൂപ ക്വാട്ട് ചെയ്തത് On&On എന്ന കമ്പനി ആയിരുന്നു. എന്നാൽ അത് അവഗണിച്ച് രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത Yem Yem എന്ന കമ്പനിയെ ക്ഷണിച്ച് നെഗോസിയേഷൻ നടത്തി 72000/-രൂപയ്ക്ക് 10 യുപിഎസ് ബാറ്ററികൾ വിതരണം ചെയ്യാൻ ആവശ്യപ്പെട്ടു. ഇപ്രകാരം വാങ്ങൽ നടത്തിയതിന് 6010/-രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു.
- സൈൻ ബോർഡ് നിർമ്മിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നൽകിയ NS Graphics എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. അപ്രകാരം അലുമിനിയം ഫാബ്രിക്കേഷൻ ബോർഡിന്റെ നിരക്ക് (ബോർഡ് വില – 150/- രൂപ/ സ്ക്വ.ഫീ, ഉറപ്പിക്കൽ – 30/- രൂപ/സ്ക്വ.ഫീ) ആകെ 180/- രൂപ/സ്ക്വ.ഫീ ആയിരുന്നു. ആകെ 86.25 സ്ക്വ.ഫീറ്റിന് ബോർഡ് ആണ് തയ്യാറാക്കിയത്. ക്വട്ടേഷൻ പ്രകാരം 15525/- രൂപ നൽകേണ്ടതിനു പകരം 21562/- രൂപ നൽകി. അധിക തുക നൽകിയതിൽ സാധൂകരണം ലഭ്യമായിട്ടില്ല.
- പഞ്ചായത്തിൽ ആകെ ഉണ്ടായിരുന്ന 10 യുപിഎസ് ബാറ്ററികളിൽ ഏതാനും ബാറ്ററികൾ മാത്രമാണ് കേടായത്. എന്നാൽ എല്ലാ യുപിഎസ് ബാറ്ററികളും ബൈ ബാക്ക് ഓഫറിലൂടെ നൽകി പകരം പുതിയ 10 യുപിഎസ് ബാറ്ററികൾ വാങ്ങി.

എൻക്വയറി 17-ന് താഴെ പറയുന്ന മറുപടി ലഭിച്ചു.

ബാറ്ററി കേടായതിനാൽ എല്ലാ കമ്പ്യൂട്ടറുകളും ഓഫ് ആകുന്ന സ്ഥിതി ഉണ്ടായതിനാൽ അടിയന്തരമായി ബാറ്ററി മാറ്റേണ്ട സാഹചര്യം ഉണ്ടായതിനാലാണ് ബാറ്ററികൾ മാറ്റി വാങ്ങിയതെന്നും കമ്പനി അധികൃതർ ബാറ്ററികൾ എല്ലാം ഒരുമിച്ച് മാറ്റാൻ ആവശ്യപ്പെട്ടുവെന്നും അല്ലെങ്കിൽ ബാറ്ററികൾ വേഗം ഉപയോഗശൂന്യമാകും എന്നും അറിയിച്ചു. On&On കമ്പനി സ്വയം നിർമ്മിക്കുന്ന ബാറ്ററി ആയതിനാലും

ബാറ്ററി വിതരണം ചെയ്യുന്നതിന് കാലതാമസം വരും എന്നതിനാലാണ് രണ്ടാമത്തെ കമ്പനിയെ തെരഞ്ഞെടുത്തതെന്നും മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടെണ്ടർ നിരാകരിച്ചുവെന്നും മറുപടി ലഭിച്ചു. എന്നാൽ കമ്പനി അധികൃതർ ബാറ്ററികൾ പരിശോധിച്ചതായോ അപ്രകാരം നിർദ്ദേശം നൽകിയതായോ രേഖകളില്ല. ടെൻഡറിൽ ബ്രാൻഡഡ് ആയ ബാറ്ററിയുടെ ആവശ്യമുണ്ടെന്ന് സൂചിപ്പിച്ചിരുന്നില്ല. ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രോജക്ട് പൂർത്തിയാക്കുന്നതിനു മതിയായ സമയം ലഭിച്ചിട്ടുള്ളതിനാൽ മേല്പറഞ്ഞ മറുപടികൾ അംഗീകരിക്കുന്നില്ല.

<u>ശിപാർശകൾ</u>

- സർക്കാർ മാർഗ നിർദേശ പ്രകാരം പദ്ധതികൾ തയ്യാറാക്കി സമയ ബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- വാങ്ങലുകൾക്കു ചട്ടപ്രകാരമുള്ള ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-35 അധിക ഇനം ടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി

ധനകാര്യവകുപ്പിന്റെ (ഇൻസ്പെക്ഷൻ വിഭാഗം സാങ്കേതികം) 20-7-2016 ലെ സർക്കുലർ നം. 16/16 അനുസരിച്ച് റോഡുകളുടെ സബ് ബേസ്/ബേസ് കോഴ്സ് എന്നിവ ചെയ്യാൻ Wet Mix Macadam ഉപയോഗിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പുതുതായി ഒരു റോഡ് മെറ്റൽ ചെയ്യേണ്ട ആവശ്യത്തിലാണ് ഉപയോഗിക്കേണ്ടത് (റീടാറിംഗ് പ്രവൃത്തികളിൽ ഈ ഇനം ഉപയോഗിക്കാൻ പാടില്ല). ചുവടെ ചേർക്കുന്ന റീ ടാറിംഗ് പ്രവൃത്തികളിലെ കുറച്ച് ഭാഗങ്ങളിൽ Wet Mix Macadam, prime coat എന്നീ ഇനങ്ങൾ കൂടി അധികമായി ഉൾപ്പെടുത്തി പ്രവൃത്തി നിർവഹിച്ചിട്ടുണ്ട്. ടി അധിക ഇനം പ്രവൃത്തിയിൽ ഉൾപ്പെടുത്തിയതിനാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ 1,31,046/-രൂപ അധിക ചെലവായിട്ടുണ്ട്.

| ക്രമ നം | പദ്ധതി വിവരം | Wet Mix Macadam @ 75mm thickness അനുവദിച്ച തുക | Prime coat -SS1 അനുവദിച്ച തുക | ആകെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | മണ്ണാംവിള പിച്ചിമംഗലം റോഡ് | <u>ഇനം 2</u> | <u>ഇനം 3</u> | 49406/- |

| | | | | |
|---|---|---|---|---|
| | റീടാറിംഗ് (SO 139/19)<br>ബിൽ നം. 51/26-3-19, തുക 472000<br>കരാറുകാരൻ - ജഗനാഥപിള്ള<br>എം ബുക്ക് നം. 166/18-19<br>എഗ്രിമെന്റ് നം. 20/AE/LSGD/ 18-19 18-9-18 | $12.825m^2$X2999= 38462/-<br>എം ബുക്ക് പേജ് നം. 27 | 171 m2 X64 =10944/-<br>എം ബുക്ക് പേജ് നം. 27 | |
| 2 | മുക്കാല പൊത്തക്കുഴി റോഡ് റീടാറിംഗ്<br>(SO 160/19)<br>ബിൽ നം. 31 /24-11-18, തുക 296081/-<br>കരാറുകാരൻ - സ്നേഹലാൽ<br>എം ബുക്ക് നം. 210/17-18<br>എഗ്രിമെന്റ് നം.27/AE/ LSGD/18-19 18-9-18 | <u>ഇനം 2</u><br>$22.5m^2$ X 3205.25=72118<br>എം ബുക്ക് പേജ് നം. 13 | <u>ഇനം 3</u><br>300 m2 X31.74 =9522/-<br>എം ബുക്ക് പേജ് നം. 13 | 81640/- |
| ആകെ | | | | 131046/- |

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.27/29-09-2020) മറുപടി ലഭ്യമാക്കിയില്ല. അധിക ഇനം ഉൾപ്പെടുത്തിയ നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും വിശദീകരണങ്ങൾ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ പേമെന്റ് അനുവദിച്ചു

പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ പേമെന്റ് അനുവദിച്ചതിനാൽ 1583/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-37 മരാമത്ത് പ്രവൃത്തികൾ

# പൂർത്തീകരിക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

ത.സ്വ.ഭ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ. സി 2/ 223/15 സർക്കുലർ പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യ 3 മാസത്തേക്ക് 1% , തുടർന്നുള്ള ഓരോ 3 മാസത്തേക്കും 2% നിരക്കിലും പിഴ ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കരാറുകാരന്റെ പിഴവ് മൂലം മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. താമസിച്ച് പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിയുടെ പേമെന്റ് ബില്ലിൽ നിന്നും പിഴ ഈടാക്കാതിരിക്കുകയോ ഈടാക്കിയതിൽ കുറവു വരികയോ ചെയ്തിട്ടുണ്ട്. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കുന്ന കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ലായെന്ന് പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 ൽ വ്യക്തമാക്കുന്നുമുണ്ട്. മാത്രമല്ല പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഭരണസമിതി അധിക സമയം അനുവദിച്ചിട്ടുമില്ല.

| ക്രമ നം. | പ്രോജക്ട് നം. പേര് | കരാറുകാരന്റെ പേര് | എഗ്രിമെന്റ് തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി മൂല്യം | ബിൽ നം / തീയതി തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | S0176/19 കാവതിയോട് ഇരപ്പൻകോണം റോഡ് അറ്റകുറ്റപണികൾ | ശ്രീ വിജയസേനൻ നായർ | 17-11-2017 | 16-02-18 | 21-1-19 | 604313 | 50/19-3-19 തുക 604313/- രൂപ | 6043/- രൂപ മാത്രം പിഴ ഇനത്തിൽ ഈടാക്കി |
| 2 | S0162/19 ഏറത്തുവയൽ നാഗരുകാവ് കോളനി റോഡ് കോൺക്രീറ്റിംഗ് | ശ്രീ വിജയസേനൻ നായർ | 3-1-17 | 2-4-2017 | 29-11-17 | 345310 | 3//30-5-18, തുക 345310 | പിഴ ഈടാക്കിയില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | SO 160/19, മുക്കാല പൊത്തക്കുഴി റോഡ് റീടാറിംഗ് | ശ്രീ സ്നേഹലാൽ | 27-1-17 | 26-4-2017 | 31-5-18 | 296081 | 31/24-11-18 | പിഴ ഈടാക്കിയില്ല |

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.30/28-09-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രവൃത്തികൾ നിർവഹിച്ച കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-38 ഡി പി സി അംഗീകാരം നേടുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവഹണത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ ആകെ 72 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം വാങ്ങിയെങ്കിലും 57 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ മൊത്തം അടങ്കൽ തുകയായി 2,96,02,604/-രൂപ വകയിരുത്തിയതിൽ 1,73,53,015/-രൂപ മാത്രമേ ചെലവാക്കാനായുള്ളൂ. പദ്ധതി പണം പാഴാകാതിരിക്കാൻ വകയിരുത്തുന്ന ഫണ്ടുകളുടെ പൂർണമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

<u>സ്പിൽ ഓവർ പദ്ധതികൾ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും നടപ്പാക്കിയില്ല.</u>

ജി.ഓ.(എം.എസ്) 72/2017/ത.സ്വ.ഭ.വ. തീയതി 29-3-2017, പദ്ധതി മാർഗരേഖ ഖണ്ഡിക6.8(2) ൽ സ്പിൽ ഓവറാകുന്ന പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | SO 161/19 | കടുവാക്കുഴി റോഡ് പുനരുദ്ധാരണം | 10000(വികസനഫണ്ട് എസ് സി പി) |
| 2 | SO 17519 | വട്ടയം -കല്ലിയോട് റോഡ് ഓട നിർമാണം | 40000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 3 | SO 191/19 | മാണിക്കൽപള്ളി പിച്ചിമംഗലം റോഡ് പാർശ്വഭിത്തി നിർമാണം | 374558 (റോഡ്) |

മേൽ വിഷയം ഓഡിറ്റ് എൻക്വയറിലൂടെ (21/25-09-2020) ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ വർഷം പൂർത്തീകരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-39 റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്നും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/22-09-2020) റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-40 കാലിത്തീറ്റ സബ്സിഡി -തീറ്റയ്ക്ക് വില അധികരിച്ച് നൽകി

കാലിത്തീറ്റ സബ്സിഡി അനുവദിച്ചതിൽ 13300/-രൂപ അധികം ചെലവായിട്ടുണ്ട്. വിശദവിവരത്തിന് ഖണ്ഡിക 3-2 കാണുക.

# 1-41 ഗുണഭോക്തൃതിരഞ്ഞെടുപ്പിലെ അപാകത

1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്ക് ഓരോന്നിനും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ വലിയ ഒരു പട്ടിക തന്നെ ലഭ്യമാണെന്നിരിക്കെ, പ്രോജക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാതിരിക്കുകയും, അതുവഴി പ്രോജക്റ്റിനായി വകയിരുത്തിയ തുക പൂർണമായി ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യവും സംജാതമായിട്ടുണ്ട്. ചിലഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

i) പ്രോജക്റ്റ് നം.203/19 – തുറസ്സായ കിണർ ശുചിത്വ കിണർ ആക്കി മാറ്റൽ(സ്പിൽ ഓവർ),

അടങ്കൽ : 66,000(വി.ഫ-ജനറൽ)

ചെലവ് : 6000

ഒരു ഗുണഭോക്താവിന് 6000/- രൂപ നിരക്കിൽ 11 പേർക്ക് പ്രസ്തുത സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നല്കേണ്ട സ്ഥാനത്ത് കേവലം ഒരാൾക്ക് മാത്രമേ തുക നല്കിയിട്ടുള്ളൂ.

ii) പ്രോജക്റ്റ് നം.100/19 -തുറസ്സായ കിണർശുചിത്വ കിണർ ആക്കി മാറ്റൽ

അടങ്കൽ : 1,50,000 (വി.ഫ-എസ്.സി.പി)

ചെലവ് : 36000

ഓവർസീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ 25 ഗുണഭോക്താക്കൾക്ക് 6000 രൂപ വീതം കിണർ പുനരുദ്ധാരണത്തിന് നല്കുന്നതിനായി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്റ്റുകൾ. പഞ്ചായത്ത് ഭരണസമിതിയുടെ 29.5.2018 ലെ I(1) നം തിരുമാന പ്രകാരം വിവിധ വാർഡുകളിൽ നിന്നായി 158 പേരടങ്ങുന്ന ഗുണഭോക്തൃലിസ്റ്റ്അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആറ് പേർക്ക് മാത്രമേ ആനുകൂല്യം നല്കിയിട്ടുള്ളൂ. മേൽപ്പറഞ്ഞ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (29/28.9.20) നല്കിയെങ്കിലും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

2. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി

പദ്ധതി നം : 152/2019

ഫണ്ട് : എസ്.സി.പി, അടങ്കൽ : 80000, ചെലവ് : 5000

ബിൽ നമ്പർ & തിയതി : 5/18.07.2018 തുക : 5000/-

ഓഡിറ്റ് എൻക്വയറി നമ്പർ : 1/22.05.2018

പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയറിങ് സബ്സിഡി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ വകയിരുത്തിയ തുകയിൽ 6.25% മാത്രം ചെലവഴിച്ചു.

- സ.ഉ(കൈ) നം.22/2018/തസ്വഭവ/14.02.2018 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് സബ്സിഡി നൽകേണ്ടത്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല.

- ഗുണഭോക്തൃ ലിസ്റ്റിൽ 29 പേർ ഉൾപ്പെട്ടിരുന്നു. എന്നാൽ ഒരാൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ആകെ വകയിരുത്തിയ പദ്ധതി തുക(80000/-) 5000/-മാത്രമാണ് ചെലവഴിച്ചത്.

വയറിങ് നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കിയത് ഒരാൾ മാത്രമാണ് എന്ന് മറുപടി ലഭിച്ചു.

29 പേരുള്ള ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒരാൾ മാത്രം ആനുകൂല്യം വാങ്ങിയത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതയെയാണ് കാണിക്കുന്നത്.

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്. ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ പാളിച്ച മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് വിലയിരുത്തുന്നു. കൃത്യമായി ആവശ്യകതാനിർണ്ണയം നടത്തുകയും ആവശ്യമുള്ള തുക മാത്രം അടങ്കൽ വകയിരുത്തി പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഗുണഭോക്തൃതെരഞ്ഞെടുപ്പിനായുള്ള സർക്കാർ നിർദ്ദേശം (സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ,29.1.2018ഖണ്ഡിക 11.3) പാലിച്ചുകൊണ്ട് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിനും പദ്ധതിപ്പണം പാഴാക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-42 ലൈഫ് ഭവനപദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതിക്കായി 2018-19 വർഷം ചുവടെപ്പറയും പ്രകാരം പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|---|---|
| പ്രോജക്റ്റ് നം -70/19<br>ലൈഫ് ഭവനപദ്ധതി -ജനറൽ | വി.ഫ ജനറൽ | 3510000 | 3510000 | 282 |
| | ബ്ലോ.പവിഹിതം | 1808714 | 1760000 | |
| | ജി.പ വിഹിതം | 2473093 | 2360000 | |
| | വായ്പ | 111808193 | 27780000 | |
| | ആകെ | 119600000 | 35410000 | |
| പ്രോജക്റ്റ് നം- 71/19<br>ലൈഫ് ഭവനപദ്ധതി -എസ്.സി.പി | വി.ഫ എസ്.സി.പി | 1850000 | 1480000 | 40 |
| | ബ്ലോ.പവിഹിതം | 765704 | 740000 | |
| | ജി.പ വിഹിതം | 1713658 | 1640000 | |
| | വായ്പ | 15670638 | 2400000 | |
| | | | | |

| | ആകെ | 20000000 | 6260000 | |
|---|---|---|---|---|

നിർവഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സ്റ്റാന്റിംഗ് കമ്മിറ്റി : ക്ഷേമകാര്യം

വർക്കിംഗ് ഗ്രൂപ്പ് : ദാരിദ്ര്യലഘൂകരണം(പാർപ്പിടം ഉൾപ്പെടെ)

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധരജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ ലൈഫ് ഭവനപദ്ധതി-ജനറൽ പ്രകാരം 282 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുള്ളതിൽ 37ഗുണഭോക്താക്കളുടെയും, ലൈഫ്-എസ്.സി.പി പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുള്ളതിൽ 5 ഗുണഭോക്താക്കളുടെയും ഭവനനിർമാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കണ്ടെത്തി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (30/28-09-2020)മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സ.ഉ(ആർ.റ്റി)1738/2017/തസ്വഭവ, തീയതി 26.05.2016 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-43 പി.എം.എ.വൈ പദ്ധതി -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| പ്രോജ നം | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|
| 73/19 | പി.എം.എ.വൈ- അധിക വിഹിതം നല്കൽ(Gen)2017-18 | 80000 വി.ഫ | 80000 | 6/18-19 date: 31.5.18 |
| 75/19 | പി.എം.എ.വൈ- അധിക വിഹിതം നല്കൽ(Gen)2016-17 | 300000 വി.ഫ | 300000 | 5/18-19 date: 31.5.18 |
| 77/19 | പി.എം.എ.വൈ- അധിക വിഹിതം നല്കൽ(SC)2016-17 | 230000 – വി.ഫ (എസ്.സി.പി) | 230000 | 4/18-19 date: 31.5.18 |
| | | ആകെ | 610000 | |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണഉദ്യോഗസ്ഥനായുള്ള മേൽ പ്രോജക്റ്റുകൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 24 /25.9.20) മറുപടിലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ

അഭാവത്തിൽ 6,10,000/- രൂപ തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

# 1-44 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്റ്റുകൾ-ചെലവ് 31% മാത്രം

2018-19 വർഷം വി.ഇ.ഒ(സർക്കിൾ-1 &2 ) നിർവഹണ ഉദ്യോഗസ്ഥരായി ചുവടെപ്പറയും പ്രകാരം അടങ്കൽ വകയിരുത്തി ആകെ 22 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും 16 പ്രോജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവ് കേവലം 31% മാത്രമാണ് നടത്തിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് |
|---|---|---|---|---|
| വി.ഇ.ഒ - സർക്കിൾ-1 | 12 | 10 | 142016000 | 43716000 (31%) |
| വി.ഇ.ഒ - സർക്കിൾ-2 | 10 | 6 | 6306940 | 2174600 (34%) |
| ആകെ | 22 | 16 | 148322940 | 45890600 (31%) |

ചുവടെപ്പറയുന്ന പ്രോജക്റ്റുകൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയില്ല.

ആശ്രയ ഭവനപദ്ധതി പൂർത്തീകരണം (സ്പിൽ ഓവർ - 206/19), തുണിസഞ്ചി നിർമാണയൂണിറ്റ് സബ്സിഡി നല്കൽ( 93/19), തുണിസഞ്ചി നിർമാണ പരിശീലനം(92/19), സ്കൂളുകളിൽ തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് നിർമാണം(231/19), ബി.പി.എൽ കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസ് അറ്റകുറ്റപ്പണി ധനസഹായം നല്കൽ (232/19), ഭവന വൈദ്യുതീകരണം2017-18 (സ്പിൽ ഓവർ-2014/19 ).

നടപ്പിലാക്കിയ പ്രോജക്റ്റുകളിൽ പലതിലും പ്രോജക്റ്റ് വിഭാവനം ചെയ്ത പ്രകാരം മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയിട്ടുമില്ല (ഖണ്ഡിക 1-41 കാണുക). വികസനഫണ്ടിൽ നിന്ന് വലിയതുകകൾ വകയിരുത്തി പ്രോജക്റ്റുകൾ തയ്യാറാക്കുന്നതും, വകയിരുത്തുന്ന തുകകൾ മുഴുവൻ ചെലവ് ചെയ്യാതിരിക്കുന്നതും പദ്ധതിപ്പണം പാഴാക്കാനിടയാക്കുന്നു.

പ്രസ്തുത അപാകതകൾക്ക് കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും (29/28.9.20) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ അനിവാര്യം.

# 1-45 പഞ്ചായത്ത് കായിക ടീമിനെ തെരഞ്ഞെടുക്കൽ -രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി : 7/2019

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 120000, ചെലവ് : 96892

ബിൽ നമ്പർ & തിയതി : 17/22.11.2018 തുക : 11650, 23/19.1.2019 തുക : 25242, 24/19.1.2019 തുക : 5000, 25/19.1.2019 തുക : 45000,

28/23.02.2019 തുക : 10000

ഓഡിറ്റ് എൻക്വയറി നമ്പർ : 18/24.09.2020

പഞ്ചായത്ത് കായിക ടീമിനെ തെരഞ്ഞെടുക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതിനായി മത്സരം നടത്തുകയും ചെയ്തിട്ടുണ്ട്. മാർഗരേഖ സ.ഉ(കൈ) നം.22/2018/ തസ്വഭവ, തീയതി 14.02.2018 പ്രകാരം

- തെരഞ്ഞെടുക്കപ്പെട്ട കബഡി, ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നീ ടീമംഗങ്ങൾക്ക് ജേഴ്സികൾ വിതരണം ചെയ്യുന്നതിനായി 25242/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക്, വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

- കായിക മത്സരത്തിൽ പങ്കെടുത്ത ടീം അംഗങ്ങൾ, സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ടീം അംഗങ്ങൾ എന്നിവരുടെ വിവരങ്ങൾ ഹാജരാക്കിയില്ല.

- ക്രിക്കറ്റ് കോച്ചിംഗ് നൽകുന്നതിനായി മിതൃമ്മല ഗവ.സ്കൂളിലെ വിനോദ് എന്ന പ്രൈമറി ഡിപ്പാർട്ട്മെന്റ് അധ്യാപകനെയാണ് ഏർപ്പെടുത്തിയത്.

രേഖകൾ കണ്ടെത്തി ഹാജരാക്കുന്നതാണെന്നും സ്പോർട്സ് കൗൺസിൽ നിന്നും യഥാസമയം കോച്ചിനെ ലഭിക്കാത്തതിനാലാണ് പ്രൈമറി ഡിപ്പാർട്ട്മെന്റ് ടീച്ചറെ ചുമതലപ്പെടുത്തിയതെന്നും

മറുപടി ലഭിച്ചു.

<u>ശുപാർശകൾ</u>

- രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
- യോഗ്യതയുള്ള വ്യക്തികളെ കോച്ചിങ്ങിന് ആയി ചുമതലപ്പെടുത്തേണ്ടതാണ്.

# 1-46 കോമ്പോസിഷൻ സ്കീമിൽ ഉള്ള സ്ഥാപനത്തിന് ചരക്ക് സേവന നികുതി നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി : 63/2019

ഫണ്ട് : എസ്.സി.പി, അടങ്കൽ : 30450, ചെലവ് : 30379

ബിൽ നമ്പർ & തിയതി : 5/18.07.2018 തുക : 30379

ഓഡിറ്റ് എൻക്വയറി നമ്പർ : 18/24.09.2020

വയോജനങ്ങൾക്കു കട്ടിൽ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതിനായി കൊട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത അസീസ് ഫർണിച്ചർ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിക്കുകയും ചെയ്തു. അതു പ്രകാരം 7 കട്ടിലുകൾ സ്ഥാപനം പഞ്ചായത്തിന് നിർമ്മിച്ച് നൽകി.

- പ്രസ്തുത സ്ഥാപനം സമർപ്പിച്ച ടാക്സ് ഇൻവോയ്സിൽ തീയതി, HSNകോഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- അസീസ് ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെ ജി എസ് ടി നമ്പർ 32AKMPM7556K1ZN ആണ്. കേന്ദ്ര സർക്കാരിന്റെ ചരക്ക് സേവന നികുതി വെബ്സൈറ്റ് പ്രകാരം പ്രസ്തുത സ്ഥാപനം കോമ്പോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. ചരക്ക് സേവന നികുതി നിയമം സെക്ഷൻ 10(4) പ്രകാരം കോമ്പോസിഷൻ സ്കീമിൽ രജിസ്റ്റർ ചെയ്ത സ്ഥാപനം ജി എസ് ടി ഈടാക്കാൻ പാടില്ല. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം 25896.92/-രൂപ സാധന വിലയും ജി.എസ്.ടി ആയി 4438.08/-രൂപയും ഈടാക്കി.

ബിൽ ഓഫ് സപ്ലൈ വാങ്ങാതിരുന്നത് മനപ്പൂർവ്വമല്ല എന്ന് മറുപടി ലഭിച്ചു.

ശുപാർശകൾ

- സ്ഥാപനങ്ങളിൽ നിന്നും ജി എസ് ടി ചട്ടപ്രകാരമുള്ള ഇൻവോയ്സ് ആവശ്യപ്പെടേണ്ടതാണ്.
- ജിഎസ് ടി നിയമ പ്രകാരമുള്ള നികുതി മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-47 എസ് എസ് എ വിഹിതം നൽകൽ - പഞ്ചായത്ത് വിദ്യാഭ്യാസ സമിതി പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 13/18.08.2020

പദ്ധതി : 5/2019, 29/2019 - SSAവിഹിതം

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ, ചെലവ് : 700000

ബിൽ നം.8/18.05.2018

ഫണ്ട് : എസ്.സി.പി, അടങ്കൽ, ചെലവ് : 200000

ബിൽ നമ്പർ & തിയതി : 17/24.09.2018

സമഗ്ര ശിക്ഷ അഭിയാൻ വിഹിതം കൈമാറുന്നതിനാണ് രണ്ട് പദ്ധതികൾ തയ്യാറാക്കിയത്. പദ്ധതി രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

- വാർഷിക വർക്ക് പ്ലാനും ബജറ്റും പരിശോധനക്കു ഹാജരാക്കിയില്ല
- സ.ഉ(കൈ) നം.11/2018/തസ്വഭവ 29.01.2018 പ്രകാരം SSA പദ്ധതികൾ വഴി അടവാക്കുന്ന തുക, പ്രസ്തുത കാര്യത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം യാതൊരു വിലയിരുത്തലുകളും പഞ്ചായത്ത് നടത്തുന്നില്ല. ഫണ്ട് കൈമാറുക എന്നതിനപ്പുറം യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കുന്നില്ല. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നില്ല. CWSN വിദ്യാർത്ഥികൾക്കായി 100140/-രൂപയും പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനത്തിനായി 3201/-രൂപയും ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്ന് സ്ഥാപനം ഉറപ്പാക്കുന്നില്ല.

പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരവും പ്രൈമറി സ്കൂളുകൾക്കായുള്ള മാന്വൽ പ്രകാരവും പ്രസ്തുത പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പതിയേണ്ടതാണ്. SSA പദ്ധതികൾ വഴി ചെലവഴിക്കുന്ന തുക പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നു എന്ന് സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, സ്കൂൾ മാനേജ്മെന്റ് സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

# 1-48 കരാട്ടേ പരിശീലനത്തിനുള്ള യൂണിഫോം വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം - SO214/19

പ്രോജക്ടിന്റെ പേര് - പെൺകുട്ടികളുടെ കരാട്ടേ പരിശീലനത്തിനുള്ള യൂണിഫോം വിതരണം

നിർവഹണം - എച്ച്.എം ഗവ.എൽ.പി.എസ്

അടങ്കൽ - 100000/-(വി.ഫ)

ചെലവ് - 100000/-

ബിൽ നം തീ - 08/2018-19/23.01.19

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനത്തിനായി യൂണിഫോം വിതരണം ചെയ്യുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. യൂണിഫോം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെൻഡറുകളിൽ താഴെപ്പറയും പ്രകാരം വിവിധ സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു.

| ക്രമ നം | സ്ഥാപനം | യൂണിഫോമിന്റെ അടിസ്ഥാന വില(രൂപ) |
|---|---|---|
| 1 | നരിക്കൊട്ടിൽ ഡിസ്ട്രിബ്യൂഷൻ | 650/- |
| 2 | എഡ്യൂമാർട്ട് | 800/- |
| 3 | കമൂൽ സ്പോർട്സ് & മ്യൂസിക്കൽസ് | 800/- |

ടെൻഡറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെയും , സമാന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെയും ഒഴിവാക്കി കമൂൽ സ്പോർട്സ് & മ്യൂസിക്കൽസ് എന്ന സ്ഥാപനത്തിനാണ് ടെൻഡർ അനുവദിച്ചു നൽകിയത് (31.07.2018 ലെ 1(4)-ാം നമ്പർ തീരുമാനം). പ്രൊക്യൂർമെന്റ് കമ്മിറ്റി

മിനിറ്റ്സിൽ മേൽ പദ്ധതിയെ സംബന്ധിച്ചോ ടെൻഡർ നടപടികളെ സംബന്ധിച്ചോ പരാമർശിച്ചിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെയും സമാന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെയും ഒഴിവാക്കിയത് സംബന്ധിച്ചും പരാമർശമില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/23.09.2020 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാകുന്നതുവരെ 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 എൽ.പി.എസ് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കൽ - പദ്ധതിയിലെ അപാകങ്ങൾ

മേൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ഖണ്ഡിക 3-3 ൽ വിശദമായി പരാമർശിക്കുന്നുണ്ട്.

## 1-50 സാന്ത്വനം പാലിയേറ്റീവ് കെയർ - അപാകങ്ങൾ

പ്രോജക്ട് നം - SO009/19

പ്രോജക്ടിന്റെ പേര് - സാന്ത്വനം പാലിയേറ്റീവ് കെയർ

നിർവഹണം - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

അടങ്കൽ - 700000/- (വികസന ഫണ്ട്)

ചെലവ് - 631123/-

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റിഫ്രഷ്മെന്റ് ചാർജ്ജ് ഇനത്തിൽ 2018-19 വർഷം 40000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ചെലവഴിച്ച തുകയുടെ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ റിഫ്രഷ്മെന്റ് ചാർജ്ജ് കൈപ്പറ്റ് രസീതുകളിൽ( ബിൽ നമ്പർ.6 മുതൽ 10 വരെ), മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നാണ് തുക കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക അനുവദിച്ച ട്രഷറി ബിൽ പ്രകാരം തുക റീ ഇംബേഴ്സ് ചെയ്ത് നൽകിയത് പാലിയേറ്റീവ് കെയർ നഴ്സിന്റെ അക്കൗണ്ടിലേയ്ക്കാണ്.

2) ഹോം വിസിറ്റ് രജിസ്റ്റർ, പാലിയേറ്റീവ് കെയർ ആംബുലൻസ്(രജിനം.KL01-CB-3764) ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. ഏപ്രിൽ, മെയ് മാസങ്ങളിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ദിവസങ്ങൾ ഹോം വിസിറ്റ് നടത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്കിൽ പ്രസ്തുത ദിവസം പാലിയേറ്റീവ് വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല(ഹോം വിസിറ്റ് ടീമിൽ ഡ്രൈവർ ഉൾപ്പെട്ടിട്ടുണ്ട്)

04.04.2018, 07.04.2018, 12.04.2018, 16.04.2018, 20.04.2018, 30.04.2018, 07.05.2018, 19.05.2018, 22.05.2018, 25.05.2018, 28.05.2018

2. ലോഗ് ബുക്കിലെ ഏപ്രിൽ, മെയ് ,ജൂൺ മാസങ്ങൾ മാത്രം പരിശോധിച്ചതിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി യാത്രചെയ്ത താഴെപ്പറയുന്ന ദിവസങ്ങളിലെ ഹോം വിസിറ്റ് വിവരം, ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

25.04.2018, 03.05.2018, 27.06.2018.

4) 01.04.2018 മുതൽ 31.08.2018 വരെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനത്തിൽ യാത്ര ചെയ്ത ജീവനക്കാരൻ ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ 2018-19 വർഷം ലോഗ് ബുക്കിൽ യാത്ര ചെയ്ത സ്ഥലങ്ങൾ ഉൾപ്പെടെയുള്ള യാത്രയുടെ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/25.09.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കില്ല എന്നറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്ന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

•  •

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ പേമെന്റ് അനുവദിച്ചു

പ്രോജക്ട് പേര്, നമ്പർ : മരുതും മൂട് മീൻമൂട് - സ്കൂൾ നട റോഡ് ഓട നിർമാണം (SO 123/19)

എസ്റ്റിമേറ്റ് തുക :200000/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡ്)

ക്വോട്ട് ചെയ്തത് :1% below എസ്റ്റിമേറ്റ് തുക

ചെലവ് : 161753/- രൂപ

ബിൽ നമ്പർ :41/10-1-19

എം ബുക്ക് നം :159/18-19

കരാറുകാരൻ :ശ്രീ. സജാദ്. എ

നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രകാരം നിർവഹിച്ച പ്രവൃത്തിയുടെ പ്രവൃത്തി മൂല്യത്തിൽ നിന്നും 1% കുറച്ചുള്ള തുക കഴിച്ചാണ് പേമെന്റ് നൽകേണ്ടതെങ്കിലും ടെണ്ടർ കിഴിവ് വരുത്താതെ മുഴവൻ പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് പേമെന്റ് നൽകിയത്. ഇപ്രകാരം പേമെന്റ് നൽകിയതിനാൽ താഴെ പറയും പ്രകാരം അധികം തുക കരാറുകാരന് നൽകാനിടയായി.

വിശദവിവരം ചുവടെ

<u>കണക്കാക്കിയത്</u>

പ്രവൃത്തി മൂല്യം - 161753

ടാക്സ് ഡിഡക്ഷൻ (-) 3236

കരാറുകാരന് നൽകിയ തുക 158517/-രൂപ

<u>കണക്കാക്കേണ്ടിയിരുന്നത്</u>

ആകെ പ്രവൃത്തിമൂല്യം - 161753

ക്വട്ടേഷൻ കുറവ് ( -)

(പ്രവൃത്തിമൂല്യത്തിന്റെ

1% below കഴിച്ചുള്ള തുക - 160136

ടാക്സ് ഡിഡക്ഷൻ (- ) - 3202

കരാറുകാരന് നൽകേണ്ടിയിരുന്നത് - 156934

അധികം നൽകിയത് - 1583

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 22/25-9-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 1583/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 3-2 കാലിത്തീറ്റ സബ്സിഡി -തീറ്റയ്ക് വില അധികരിച്ച് നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | എസ് 0089/19 |
| പേര് | കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 1392000/- ( 696000വികസനഫണ്ട്)<br>696000 ഗുണഭോക്തൃവിഹിതം) |
| ചെലവ് | 560000/- (വികസനഫണ്ട്) |
| ബിൽനം, തീയതി, തുക | 4/18020352014532000 , 31.10.18 , 532000/-<br>6/18020352014601513706 , 17.3.198 , 28000/- |

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി പദ്ധതിക്കായി 560000/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും നല്കുന്നു. കാലിത്തീറ്റയുടെ വിലയായി 532000/-രൂപ, 28000/-രൂപ എന്നീ തുകകൾ യഥാക്രമം പുല്ലമ്പാറ, തെള്ളിക്കച്ചാൽ എന്നീ സഹകരണ സംഘങ്ങൾക്ക് നല്കിയിട്ടുണ്ട്. 81 ഗുണഭോക്താക്കൾ പുല്ലമ്പാറ സംഘത്തിൽ നിന്നും 52 ഗുണഭോക്താക്കൾ തെള്ളിക്കച്ചാൽ സംഘത്തിൽ നിന്നും ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള 4 മാസങ്ങളിൽ ഓരോ മാസവും 2 ചാക്ക് കാലിത്തീറ്റ വീതം വാങ്ങിയിട്ടുണ്ട്. സംഘം ഹാജരാക്കിയ ഇൻവോയ്സ്, വിതരണ രേഖകൾ, സംഘം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ ക്യാഷ് ബിൽ എന്നിവ പ്രകാരം ഒരു ചാക്ക് കാലിത്തീറ്റയുടെ വില 975/- രൂപയാണ്. 2 ചാക്ക് കാലിത്തീറ്റയ്ക്കും കൂടി 1950/- രൂപ ഒരു മാസം (975/- സബ്സിഡി തുക(വികസന ഫണ്ട്) ,975/- ഗുണഭോക്തൃ വിഹിതം ) സംഘം ഒരു ഗുണഭോക്താവിൽ നിന്നും ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള 4 മാസങ്ങളിലായി 1000/- രൂപ സബ്സിഡി നിരക്കിലാണ് ആകെ 532000/-രൂപ നിർവഹണ ഉദ്യോഗസ്ഥ, സംഘത്തിന് അനുവദിച്ചത്. 7 ഗുണഭോക്താക്കൾ യഥാസമയം കാലിത്തീറ്റ വാങ്ങാതെ മാർച്ച് മാസത്തിൽ കാലിത്തീറ്റ് വാങ്ങിയപ്പോൾ കാലിത്തീറ്റയുടെ വില 1000/- രൂപയായി ഉയർന്നതാനാൽ (7x4 = 28000/-) 4 മാസത്തെ കാലിത്തീറ്റയ്ക്ക് 28000/- രൂപ അനുവദിച്ചത് ക്രമപ്രകാരമാണ്. 532000/-രൂപ അനുവദിച്ചപ്പോൾ ഉണ്ടായ അധിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | കർഷകരുടെ എണ്ണം | അനുവദനീയമായ സബ്സിഡി തുക 4 മാസം | നല്കിയ തുക | അധികം നല്കിയത് |
|---|---|---|---|---|
| പുല്ലമ്പാറ സഹകരണ സംഘം | 81 | 315900/- (81x975x4) | 324000/- | 8100/- |
| തെള്ളിക്കച്ചാൽ സഹകരണ സംഘം | 52 | 202800/- (52x975x4) | 208000/- | 5200/- |

സ.ഉ(കൈ നം.22/2018), തസ്വഭവ, തിരുവനന്തപുരം, തീയതി 14.02.2018 മാർഗ്ഗരേഖ പ്രകാരം തീറ്റ വിലയുടെ 50% ആണ് സബ്സിഡി അനുവദിക്കാവുന്നത്. സബ്സിഡി തുക അധികരിച്ച് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(14/23.09.2020) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 13,300/- രൂപ തിരികെ ഈടാക്കി ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 എൽ.പി.എസ് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കൽ - പദ്ധതിയിലെ അപാകങ്ങൾ

പ്രോജക്ട് നം - SO031/19

പ്രോജക്ടിന്റെ പേര് - കായികക്ഷമത- എൽ.പി.എസ് കുട്ടികളിൽ

നിർവഹണം - എച്ച്.എം ഗവ.എൽ.പി.എസ്

അടങ്കൽ - 400000/-(വി.ഫ)

ചെലവ് - 380000/-

ബിൽ നം തീ - 01/2018-19/23.10.18(70000/-)

03/2018-19/31.10.18(310000/-)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 5 സർക്കാർ എൽ.പി സ്കൂളുകളിലേയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. സ്ലൈഡ്, സീ-സാ, മെറി ഗോ റൗണ്ട്, സൈക്കിൾ എന്നീ 4 ഇനങ്ങൾ വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെൻഡറുകളിൽ താഴെപ്പറയും പ്രകാരം 3 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു.

| ക്രമ നം | ഇനം | നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | കാർമൽ ഫൈബർടെക് | കമുൽ സ്പോർട്സ് & മ്യൂസിക്കൽസ് |
|---|---|---|---|---|
| 1 | സ്ലൈഡ് | 4 ft – 22500/- | 5ft-19500/-<br>7ft- 23500/- | 6ft- 60000/- |
| 2 | സീ സാ | സിംഗിൾ - 6800/- | ഡബിൾ - 8500/-<br>4 സീറ്റർ - 12000/- | 4 സീറ്റർ - 43000/- |
| 3 | മെറി ഗോ റൗണ്ട് | 4 സീറ്റർ - 22500/- | 4 സീറ്റർ - 21000/-<br>6 സീറ്റർ - 26000/- | 4 സീറ്റർ - 6000/- |
| 4 | സൈക്കിൾ | 3 വീലർ - 1300/-<br>2 വീലർ - 3500/- | 950/- (സ്പെസിഫിക്കേഷൻ ഇല്ല) | 1100/- (സ്പെസിഫിക്കേഷൻ ഇല്ല) |

ക്രമനമ്പർ 1 മുതൽ 3 വരെയുള്ള ഇനങ്ങൾ കാർമൽഫൈബർടെക് എന്ന സ്ഥാപനത്തിൽ നിന്നും( ഓരോ ഇനവും 5 എണ്ണം) 4 -മത് ഇനം (20 എണ്ണം) നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി പദ്ധതി നടപ്പാക്കി.(ഇൻവോയ്സ് നം.1/08.10.18,18/ 2018/24.10.18)

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രൊക്യുർമെന്റ് മാന്വൽ പ്രകാരം,(സ.ഉ(പി)നം.259/2010/ തസ്വഭവ തീ.08.11.2010) തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് വാങ്ങുന്ന ഇനങ്ങളുടെ സ്പെസിഫിക്കേഷൻ ടെൻഡർ നോട്ടീസിൽ വ്യക്കമാക്കണം. എന്നാൽ ടെൻഡർ നോട്ടീസിൽ വാങ്ങുന്ന ഇനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ഇനങ്ങളാണ് ടെൻഡറിൽ ക്വാട്ട് ചെയ്തിട്ടുള്ളത്.

2) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.07.2018-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം എല്ലാ ഇനങ്ങളും കാർമൽഫൈബർടെക് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നതിന് നിർവഹണ ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി ഉയർന്ന തുക ക്വാട്ട് ചെയ്ത നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങിയത്.

3) കാർമൽഫൈബർടെക് എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡറിൽ "സീ -സാ" 4 സീറ്ററിന് 12000/- രൂപയാണ് അടിസ്ഥാന വിലയായി ക്വാട്ട് ചെയ്തത്. എന്നാൽ മേൽ സ്ഥാപനത്തിന് നിർവഹണ ഉദ്യോഗസ്ഥ സമർപ്പിച്ച വർക്ക് ഓർഡറിൽ (നം.A3/3193/2018 തീ.03.09.2018)അടിസ്ഥാന വിലയായി 12500/- നിശ്ചയിക്കുകയും പദ്ധതി പ്രകാരം 5 എണ്ണം വാങ്ങിയ ഇനത്തിൽ 2500/- അധികം അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

4) പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ മേൽ പദ്ധതിയെ സംബന്ധിച്ചോ ടെൻഡർ നടപടികളെ സംബന്ധിച്ചോ പരാമർശിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/24.09.2020 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 2500/- രൂപ നിരാകരിക്കുന്നു. കൂടാതെ ബാക്കി ചെലവ് തുകയായ 377500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-07-19 മുതൽ 22-07-19 വരെ | നം. കെ എസ് എ /റ്റി വി എം/ ജി പി10/1447/19<br>തീയതി 19-08-19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | | 280000 | ഹരിത ഭവനം | 261065 | 18935 |
| | | | 34000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 17000 | 17000 |
| | | | 2473093 | ലൈഫ് ജനറൽ | 2360000 | 113093 |
| | | | 1893595 | ലൈഫ് SCP | 1640000 | 253595 |
| | | | 299250 | സ്നേഹ സ്പർശം | 299250 | 0 |
| | | | 180000 | ക്ഷീര സമൃദ്ധി | 180000 | 0 |
| | | | 7500 | ജൈവ സമൃദ്ധി | 3750 | 3750 |
| | | ആകെ | 5167438 | | 4761065 | 406373 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 1808714 | ലൈഫ് - ജനറൽ | 1760000 | 48714 |
| | | | 1030026 | ലൈഫ് SCP | 740000 | 290026 |
| | | | 400000 | ക്ഷീര സമൃദ്ധി | 400000 | 0 |
| | | | 3750 | ജൈവ സമൃദ്ധി | 3750 | 0 |
| | | | 17000 | കേദാരം സമഗ്ര നെൽകൃഷി വികസനം 1 | 17000 | 0 |
| | | 29410 | 0 | പച്ചക്കറി- | 26010 | 3400 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കൂലിച്ചെലവ് | | |
| | | | 216000 | കിണർ റീചാർജിംഗ് -ജനറൽ | 216000 | 0 |
| | | 17850 | 0 | സമഗ്ര നെൽകൃഷി വികസനം(സ്പിൽ ഓവർ 2017-18) | 0 | 17850 |
| | | | 64000 | കിണർ റീചാർജിംഗ് SCP | 64000 | 0 |
| | | | 299250 | സ്നേഹ സ്പർശം | 299250 | 0 |
| | | | 45100 | ശാരീരീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 45100 | 0 |
| | ആകെ | 47260 | 3883840 | | 3571110 | 359990 |

<u>നീക്കിയിരിപ്പ് വിവരങ്ങൾ</u>

| | 17-18 B4 പ്രകാരം നീക്കിയിരിപ്പ് | 18-19 RP 31 പ്രകാരം വരവ് | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 5167438 | 5167438 | 4761065 | 406373 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 47260 | 3883840 | 3931100 | 3571110 | 359990 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി യുള്ള തുക |
|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | പന്തപ്ലാവികോണം-വെള്ളാനിക്കരഭാഗത്തേക്ക് | 300000 | വിനിയോഗ സാക്ഷ്യപത്രം | |

| | | | | |
|---|---|---|---|---|
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | | ലഭിച്ചിട്ടില്ല. | |
| കെ.ഡബ്ല്യൂ.എ | പ്ലാവോട്-കരിക്കകം കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | മാമൂട് കണിയാംകരിക്കകം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | വയ്യക്കാവ് അരുവിപ്പുറംപള്ളിറോഡ് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 400000 | | |
| കെ.ഡബ്ല്യൂ.എ | കുളപ്പാറ പാണയം കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | ചുള്ളാളം അഞ്ചാംകല്ല് പരിക്കപ്പാറ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 500000 | | |
| കെ.ഡബ്ല്യൂ.എ | തലയിൽകുന്ന് തുമ്പറ ഭാഗത്തേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | പുലയരുകുന്ന് കോളനി കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | ബാലൻപച്ച - കൊടിവിളാകം കുടിവെള്ള പൈപ്പ് ലെൻ നീട്ടൽ | 100000 | | |
| കെ.ഡബ്ല്യൂ.എ | കമുൽ സ്പോർട്സ് & മ്യൂസിക്കൽസ്റ്റേമ്പാംമൂട് - വാലൂപ്പാറ പൈപ്പ് ലൈൻ നീട്ടൽ | 450000 | | |
| കെ.ഡബ്ല്യൂ.എ | ചക്കക്കാട് എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | വാലിക്കുന്ന് കോളനി പൈപ് ലൈൻ നീട്ടൽ | 524750 | | |
| കെ.ഡബ്ല്യൂ.എ | ഇറവികരിക്കകം കോളനി കുടിവെള്ള പൈപ്പ് കമുൽ സ്പോർട്സ് & മ്യൂസിക്കൽസ്സൈലൻ നീട്ടൽ | 179250 | | |
| കെ.ഡബ്ല്യൂ.എ | വയ്യക്കാവ് - പാലുവള്ളി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | ധൂളിക്കുന്ന് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 150000 | | |
| കെ.ഡബ്ല്യൂ.എ | വേങ്കാട് കോളനി കുടിവെള്ള പൈപ് ലൈൻ നീട്ടൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | വേങ്കമല - പ്ലാങ്കലകുഴി കോളനി കുടിവെള്ള പൈപ് ലൈൻ നീട്ടൽ | 200000 | | |

| | | | | |
|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | തേവരുകുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | മാങ്കുഴി - മോട്ടവിള കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | തെള്ളിക്കച്ചാൽ കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | വേങ്കമല എസ് റ്റി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രണ്ടാം ഘട്ടം | 127531 | | |
| കെ.ഡബ്ല്യൂ.എ | കലുങ്കിൻമുഖം ചേരാട്ടുകുഴി കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | ആനകുഴി കണ്ണേറ്റുമൂല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| കെ.ഡബ്ല്യൂ.എ | വാദ്യാരുകോണം വടയാനികോണം പൈപ്പ് ലൈൻ നീട്ടൽ | 300000 | | |
| കെ.ഡബ്ല്യൂ.എ | പെരുമല കുഴിവിള കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| കെ.ഡബ്ല്യൂ.എ | പഴയപള്ളി ഒറ്റതെങ്ങ് പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | പെരുമല പണ്ടാരത്തോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 400000 | | |
| കെ.ഡബ്ല്യൂ.എ | പള്ളിമുക്ക് മുണ്ടൻതടിക്കാട് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | ചാലിപ്പൻകോണം ഭാഗത്തേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 100000 | | |
| കെ.ഡബ്ല്യൂ.എ | പാണയം പടിഞ്ഞാറേകോണം പൈപ്പ് ലൈൻ നീട്ടൽ | 200000 | | |
| കെ.ഡബ്ല്യൂ.എ | കാവതിയോട്ഈന്തവിള കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 40000 | | |
| കെ.ഡബ്ല്യൂ.എ | മലവിള അംഗനവാടിക്ക് സമീപത്തേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 50000 | | |
| കെ.ഡബ്ല്യൂ.എ | ചക്കക്കാട് ഒലിക്കര ഭാഗത്തേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 150000 | | |
| കെ.ഡബ്ല്യൂ.എ | പട്ടികജാതി വിഭാഗം ഭവനങ്ങൾക്ക് കുടിവെള്ള കണക്ഷൻ (പൈപ്പ് ലൈൻ - വാട്ടർ അതോറിറ്റി) | 135000 | | |

| | | | | |
|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | പട്ടികവർഗ്ഗം വിഭാഗം ഭവനങ്ങൾക്ക് കുടിവെള്ള കണക്ഷൻ (പൈപ്പ് ലൈൻ - വാട്ടർ അതോറിറ്റി) | 67500 | | |
| കെ.ഡബ്ല്യൂ.എ | കുളപ്പുറം മിച്ചഭൂമി കോളനി,നഗരുകാവ്കോളനി ഭാഗങ്ങളിലേക് കുടിവെള്ള പൈപ്പ്ലൈൻനീട്ടൽ | 195000 | | |
| കെ.ഡബ്ല്യൂ.എ | പലാംകോണം കുന്താണി ഭാഗത്തേക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 180000 | | |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെപ്പറയും പ്രകാരമാണ്.

| | വാട്ടർ അതോറിറ്റി | ഗ്രൗണ്ട് വാട്ടർ അതോറിറ്റി |
|---|---|---|
| 17-18 B-18 പ്രകാരംനീക്കിയിരിപ്പ് | 4145000 | 400000 |
| സുലേഖ ചെലവ് പത്രിക പ്രകാരം 18-19 വർഷത്തെ നിക്ഷേപം | 8349031 | 0 |
| ആകെ | 12494031 | 400000 |
| 18-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 43531123 (വ്യത്യാസം 150500 മുന്നിരിപ്പിൽ നിന്നും ചെലവഴിച്ചത്). | 400000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ. (എം.എസ്)നം. 68/2018/ എൽ.എസ്.ജി.ഡി. തീയതി 18.05.18 | 30182402 | 0 | - | - | 30182402 |
| ഇ.എം.എസ് | 275/2010/ 27.01.2011 | 14856000 | 2837899 | 1606114 | | 1231785 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | നഷ്ടത്തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക അടച്ച വിശദാംശങ്ങൾ |
|---|---|---|---|---|
| 2011-12 | 3-4 | 1572 | ശ്രീമതി രാധാമണി. കെ.എൻ (എ.ഇ) | Rtno.118010100652 dtd:23.05.18 |
| 2015-16 | 3-11 | 14465 | Sri.ജിജു(എ.ഇ) | Rtno.118010101754 dtd.25/10/18 |
| | ആകെ | 16037 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,02,52,429.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,52,53,070.30 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17,383.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,24,40,931.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,583 | ശ്രീമതി രജനി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 13,300 | ഡോ.സ്പിനോള, വെറ്റിനറി സർജൻ |
| 3-3 | 2,500 | ശ്രീമതി വിജയകുമാരി. വൈ, ഹെഡ്മിസ്ട്രസ് |
| ആകെ | 17,383 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 2,61,650 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-27 (1) | 1,50,000 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-27 (2) | 27,000,00 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-27 (3) | 20,000 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-27 (4) | 10,000 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-27 (5) | 15,250 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-28 | 50,000 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-30 (1) | 76,44,000 | ശ്രീ. പി.കെ.സുരേഷ്, സെക്രട്ടറി |
| 1-30 (2) | 5,02,531 | ശ്രീ. സജി. വി. എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-43 | 6,10,000 | ശ്രീ. പ്രദീപ്. ജെ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-48 | 1,00,000 | ശ്രീമതി വിജയകുമാരി. വൈ, |

| | | |
|---|---|---|
| | | ഹെഡ്മിസ്ട്രസ് |
| 3-3 | 3,77,500 | ശ്രീമതി വിജയകുമാരി. വൈ, ഹെഡ്മിസ്ട്രസ് |
| ആകെ | 1,24,40,931 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ. പി. കെ.സുരേഷ്, സെക്രട്ടറി | സ്വാതി, നെല്ലിമൂട്, മുരുക്കുംപുഴ |
| ശ്രീ. സജി. വി. എൻ, അസിസ്റ്റന്റ് സെക്രട്ടറി | തേജസ്സ്, ചേങ്കോട്ടുകോണം, ചെമ്പഴന്തി. പി. ഓ |
| ഡോ. സ്പിനോള, വെറ്റിനറി സർജൻ | ഗാസ്ഹിൽ, ശ്രീകാര്യം |
| ശ്രീമതി രജനി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | ഷാജി ഭവൻ, ആറ്റുപുറം, കടയ്ക്കൽ |
| ശ്രീ.പ്രദീപ്. ജെ, വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ | ഇന്ദ്രധനു, പാറമുകൾ |
| ശ്രീമതി വിജയകുമാരി. വൈ, ഹെഡ്മിസ്ട്രസ് | സുരഭി, അലയ്ക്കോണം, പുളിമാത്ത് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2.6.18 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1293/2018 തീയതി 3.7.18 | 2 | |
| 2011-12 | “ | 2 | |
| 2012-13 | “ | 2 | |
| 2013-14 | “ | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2 .6.18 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി 10 2137/2018 തീയതി 19.12.2016 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1664/17 തീയതി 5.8.17 | 8 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/488/19തീയതി 11-4-19 | 27 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.10/1064/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695 001.
e-Mail : dotvm.ksad@kerala.gov.in
Phone : 0471 2331231.

തീയതി: 10-11-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

PR 16.11.2020